# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2022 ജൂലൈ 19,ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ ആകെ ചോദ്യങ്ങൾ : 322 ]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യം നമ്പർ** |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | : 4395 മുതൽ 4500 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 4501 മുതൽ 4552 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 4553 മുതൽ 4647 വരെ |

# 11.07.2022 - ലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 256 പ്രകാരം, 4648 മുതൽ 4703 വരെയുള്ള ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രിയും, 4704 മുതൽ 4714 വരെയുള്ള ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രിയും, 4715 മുതൽ 4716 വരെയുള്ള ചോദ്യങ്ങൾ പൊതുമരാമത്ത് , വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രിയും മറുപടി നൽകുന്നതാണ്.

**<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതർ</u>**

**4395.** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി വഴി 2016 മുതൽ നാളിതുവരെ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിൽ ഭവന നിർമ്മാണത്തിനായി നൽകിയ സഹായങ്ങൾ</u>**

**4396.** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ലൈഫ് മിഷന്റെ അർഹതാലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ഒട്ടും വാസയോഗ്യമല്ലാത്ത

വീടുകളിൽ താമസിക്കുന്നതുമായ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് 2016-2021 കാലയളവിൽ ഭവന നിർമ്മാണത്തിനായി നൽകിയ സഹായങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

**<u>വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം</u>**

**4397.** **ശ്രീ ഒ . ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നാളിതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട് എന്ന കണക്ക് താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ വയനാട് ജില്ലയിൽ ഉണ്ടെന്നുള്ള സർക്കാർ കണക്ക് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>വീട് വെക്കുന്നതിന് സ്ഥലം വാങ്ങാൻ തുക അനുവദിക്കൽ</u>**

**4398.** **ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ദേവികുളം പട്ടികജാതി വികസന ഓഫീസിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ എത്ര ആളുകൾക്ക് വീട് വെക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 2021-22 കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) അപേക്ഷകരുടേയും തുക അനുവദിച്ചവരുടേയും വിശദാംശം നൽകാമോ?

**<u>വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാൻ സഹായം</u>**

**4399.** **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മണലൂർ മണ്ഡലത്തിൽ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവർക്ക് ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി വീട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾ</u>**

**4400.** **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വീടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്ക് പട്ടിക ജാതി വകുപ്പ് മുഖാന്തിരം എന്തെല്ലാം

സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പട്ടിക ജാതി കുടുംബങ്ങൾക്കാണ് സ്വന്തമായി വീട് ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ എത്ര പട്ടിക ജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും, എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## <u>എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ ഭവന പദ്ധതികൾ</u>

**4401.** **ശ്രീ . മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിക്ക് മുമ്പ് മുൻ സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ എസ്.സി. വകുപ്പ് നേരിട്ട് എത്ര വീടുകളാണ് അനുവദിച്ചത്; അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചു; നിർമ്മാണം ഇനിയും പൂർത്തീകരിക്കാൻ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; അവയെ ലൈഫിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ പദ്ധതികളിലായി എത്ര എസ്.സി. കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകാൻ കഴിഞ്ഞു; പദ്ധതിയും പൂർത്തീകരിച്ച വീടുകളുടെ എണ്ണവും ജില്ല തിരിച്ച് നൽകുമോ?

## <u>തൃശ്ശൂർ മണ്ഡലത്തിൽ ഭൂമി വാങ്ങാൻ ധനസഹായം</u>

**4402.** **ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടിക ജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതികളിൽ ഏതൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഭൂമി ലഭിക്കുന്നതിനായി തൃശ്ശൂർ മണ്ഡലത്തിൽ നിന്നും 2016 മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടിക ജാതിക്കാരായ ഭവന രഹിതർ</u>

**4403.** **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊണ്ടോട്ടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട എത്ര പേർ ഭവനരഹിതരായിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കുടുംബങ്ങളിൽ എത്ര പേർക്ക് വിവിധ പദ്ധതികളിലൂടെ ഈ വർഷം വീട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, പദ്ധതി എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

**<u>അരൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ്</u>**

**4404.** **ശ്രീമതി ദെലീമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അരൂർ മണ്ഡലത്തിൽ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ; പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമാണോ;എങ്കിൽ വിശദവിവരം അറിയിക്കുമോ?

**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

**4405.** **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം എന്നീ കോളനികളുടെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം</u>**

**4406.** **ഡോ. എൻ. ജയരാജ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയുടെ നിർവ്വഹണ ചുമതല ഏതൊക്കെ ഏജൻസിക്കാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കാമോ?

**<u>ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

**4407.** **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചാത്തന്നൂർ മണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ അമ്പൂരി മുള്ളിപ്പച്ച പട്ടികജാതി കോളനിയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ കോളനികളിൽ പൈപ്പ് കണക്ഷൻ

**4408.** **ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട നെടുംപച്ച, ചേറാട്ടുകുഴി, ഇടക്കരിക്കകം, പാറകുന്ന്, കരിംപാലോട്, ശാസ്താംകോളനി, മീൻകോണം, പേരാപ്പ്, കാവുവിള, കാലകോണം, മുള്ളൻചാണി എന്നീ കോളനികളിൽ എല്ലാവർക്കും പൈപ്പ് കണക്ഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ചാക്കുടി-കടമ്പ്രവാരം സമഗ്രകോളനി വികസന പദ്ധതി

**4409.** **ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചാക്കുടി- കടമ്പ്രവാരം കോളനിയിൽ സമഗ്രകോളനി വികസന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

**4410.** **ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇരിക്കൂർ മണ്ഡലത്തിൽ നിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം ഓരോ പദ്ധതിയ്ക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസം

**4411.** **ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പന്തപ്ര ആദിവാസി കോളനി പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവിടെ നടപ്പിലാക്കുന്ന പുനരധിവാസ പാക്കേജിൽ ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പന്തപ്ര ആദിവാസി കോളനി പുനരധിവാസ പാക്കേജിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പാക്കേജിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(എഫ്) പന്തപ്ര പുനരധിവാസ പാക്കേജ് എന്നത്തേക്ക് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മണമ്പൂർ ഗ്രാമപഞ്ചായത്ത് കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി

**4412.** **ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മണമ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ശങ്കരൻമുക്ക് കോളനി, പയ്യിക്കോണം കോളനി, ഭാസ്കർ കോളനി, ആലുവിള കോളനി എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പുളിക്കച്ചിറ കോളനിയിലെ നിലവിലെ പദ്ധതി പ്രകാരം എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കാനാവാത്ത സാഹചര്യമുണ്ടോ; വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമ പദ്ധതി

**4413.** **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ എത്ര പട്ടികജാതി ഗ്രാമങ്ങളെ തിരഞ്ഞെടുത്തുവെന്നും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നും അറിയിക്കുമോ;

(ബി) ഓരോ കോളനിക്കുമായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

## മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

**4414.** **ശ്രീ എം എസ് അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2017 മുതൽ നാളിതുവരെ അനുവദിച്ച കോളനി നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ഏറ്റെടുത്ത ഏജൻസികൾ ഏതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

**4415.** **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കോളനികളുടെ പേരു വിവരവും അവിടെ എന്തെല്ലാം പദ്ധതികളുമാണ് നടപ്പിലാക്കി വരുന്നതെന്നും, ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയാണെന്നും അറിയിക്കാമോ;

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഏതെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ എസ്.സി./എസ്.റ്റി. കോളനികളുടെ വിവരങ്ങൾ

**4416.** **ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഗുരുവായൂർ മണ്ഡലത്തിലെ എസ്.സി./എസ്.റ്റി. കോളനികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കോളനിയിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ വാസയോഗ്യമായ വീടില്ലാത്തവരുടെയും വീട്ടുള്ളവരുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ കോളനികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കോളനികളിലേക്കുള്ള റോഡുകളിൽ അറ്റകുറ്റപ്പണി നടത്താനുള്ളതും നിലവിൽ ഭരണാനുമതി ലഭിച്ചതുമായ റോഡുകളുടെ വിവരങ്ങൾ വിശദമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം

**4417.** **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് നവീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്തിലെ കുന്നംകാട് കോളനി, അകത്തേത്തറ പഞ്ചായത്തിലെ നടക്കാവ് കൽമാടം കോളനി എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

## പറണ്ടക്കുഴി കോളനി സമഗ്രവികസനം

**4418.** **ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പറണ്ടക്കുഴി കോളനിയിൽ സമഗ്രവികസനത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ചൊവ്വല്ലൂർ കോളനിയിലെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ

**4419.** **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതെന്നും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

## ഏലിയത്ത് തറ കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികൾ

**4420.** **ഡോ.കെ.ടി.ജലീൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തവനൂർ മണ്ഡലത്തിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏലിയത്ത് തറ കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സങ്ങളുണ്ടെങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ആദിവാസികളുടെ ഭൂമിക്ക് റവന്യൂ ഭൂമി പദവി നൽകൽ

**4421.** **ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2005-ലെ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭിച്ച ഭൂമി വനഭൂമിയായി പരിഗണിച്ചുകൊണ്ട് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ആദിവാസി ജന വിഭാഗത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും വന വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും സാധിക്കാത്തതിനാലുള്ള പ്രതിസന്ധി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ആദിവാസികളുടെ വന ഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമിയിൽ ക്രയവിക്രയം അടക്കമുള്ള അധികാരം ഉറപ്പ് വരുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>വിദ്യാവാഹിനി പദ്ധതി</u>

**4422.** **ശ്രീ ഒ . ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വിദ്യാവാഹിനി പദ്ധതിക്കായി വയനാട് ജില്ലയിൽ ഒരു വർഷം എത്ര തുക ആവശ്യമായി വരുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) വിദ്യാവാഹിനി പദ്ധതി തദ്ദേശ വകുപ്പ് സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് വഴി മറ്റ് പട്ടികവർഗ്ഗ പദ്ധതികളിൽ കുറവ് വരുന്ന സ്ഥിതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാവാഹിനി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നേരിട്ട് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## <u>അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി</u>

**4423.** **ശ്രീ സി എച്ച് കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ ഉന്നത പഠനത്തിനായി കർണ്ണാടകത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതായും പ്രസ്തുത വിദ്യാർത്ഥികൾ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതിനാൽ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഇതരസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## <u>നവോത്ഥാന സ്കോളർഷിപ്പ്</u>

**4424.** **ശ്രീ. കെ.വി.സുമേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഒ.ബി.സി. പെൺകുട്ടികൾക്കുള്ള നവോത്ഥാന സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകാമോ?

## <u>കരിന്തളം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ</u>

**4425.** **ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കരിന്തളം പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

**4426.** **ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം, വയനാട് ജില്ലകളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഉയർന്ന് നിൽക്കുന്നതിന് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത മേഖലയിൽ അടിയന്തര ശ്രദ്ധ പതിപ്പിച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>ഈവനിംഗ് കോഴ്സുകളിലെ ഫീസ് ആനുകൂല്യം</u>

**4427.** **ശ്രീ ഐ ബി സതീഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 02.07.2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/ പജ.പവ.വിവ. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിനകത്ത് ഈവനിംഗ് കോഴ്സുകളിൽ (പാർട്ട്ടൈം കോഴ്സുകൾ) പഠനം നടത്തിയ/നടത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് അതത് യൂണിവേഴ്സിറ്റിക്ക് നൽകേണ്ട ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ വകുപ്പ് പ്രസ്തുത ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## <u>പട്ടിക ജാതി, പട്ടിക ഗോത്രവഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം</u>

**4428.** **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. പി.പി. സുമോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടിക ജാതികളിലും പട്ടിക ഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) ഈ വിഭാഗങ്ങളിൽ പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനത്തിന് സഹായം നൽകി വരുന്നുണ്ടോ; രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ള പ്രശസ്ത ദേശീയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും പഠനം നടത്തുന്നതിനു സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതിയുണ്ടോ;

(സി) പട്ടിക ഗോത്രങ്ങളിൽപെട്ട തിരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിവിധ മത്സര പരീക്ഷകൾക്ക് എസ്.സി, എസ്.ടി വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പരിശീലന സൗകര്യങ്ങൾ അറിയിക്കാമോ?

## <u>പുനലൂർ നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്-സം ഗ്രാന്റ്</u>

**4429.** **ശ്രീ പി എസ് സുപാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈവറ്റായി ബിരുദ പഠനം നടത്തുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഏത് വർഷം വരെയുള്ള അപേക്ഷകളിൽ ലംപ്-സം ഗ്രാന്റ് അനുവദിച്ചിരുന്നു എന്നു വ്യക്തമാക്കാമോ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2020 – 21, 2021 - 22 വർഷങ്ങളിൽ പഠിച്ച കുട്ടികൾക്ക് ഇതുവരെ ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ;

(സി) പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് കൊടുക്കാനാകുമെന്ന് വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി</u>

**4430.** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ വൈദ്യുതി വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതിയുള്ള മേഖലകളിലും കേബിൾ നെറ്റ്‌വർക്ക്/മൊബൈൽ ടവറുകളുടെ അഭാവം മൂലം ഇന്റർനെറ്റ് സേവനം ലഭ്യമാകാത്തതും, ഡിജിറ്റൽ പഠനം തടസ്സപ്പെടുന്നത് മൂലം

മേഖലകളിലെ പല വിദ്യാർത്ഥികളും വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## <u>പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി</u>

**4431.** **ശ്രീ വി ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വിദ്ദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം എന്തെല്ലാം ധനസഹായങ്ങളാണ് ആദ്യഗഡുവായി വിദ്യാർത്ഥികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒന്നാം ഗഡു ധനസഹായം അഡ്വാൻസായി നൽകാതെ റീഇംബേഴ്സ് ആയി നൽകി വരുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>പട്ടിക ജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ</u>

**4432.** **ശ്രീ എ. സി. മൊയ്തീൻ**

**ശ്രീ എം എസ് അരുൺ കുമാർ**

**ശ്രീ. പി.പി. സുമോദ്**

**ശ്രീ. കെ.എം.സച്ചിൻദേവ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ ജീവിത ചെലവിനനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) വിദേശ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ച എസ്.സി. വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(സി) പട്ടിക ജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തിപ്പോയ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) സ്കൂൾ നവീകരണത്തിന്റെ ഭാഗമായി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ?

## <u>എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ</u>

**4433.** **ശ്രീമതി ശാന്തകുമാരി കെ.:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക

വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സിവിൽ സർവീസ് പരിക്ഷ എന്നിവയിൽ പരിശീലനം നൽകുന്നതിനും, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുമായി 2016 മുതൽ നാളിതുവരെ എത്ര തുക വിനിയോഗിച്ചു എന്ന് വിശദമാക്കാമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പഠനമുറികൾ

**4434.** **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര പഠന മുറികൾ നിർമ്മിച്ചു നൽകി;

(സി) ഒരു പഠനമുറി നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനസൗകര്യം

**4435.** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും ഇവർക്ക് പൂർണ്ണമായും ഡിജിറ്റൽ പഠനസൗകര്യം ഉറപ്പുവരുത്താനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

## ഐ.ജി.എ.എം.ആർ സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം

**4436.** **ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള നിലമ്പൂർ ഇന്ദിരാഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ (ഐ.ജി.എം.എം.ആർ) സ്കൂളിലെ 2021-22 എസ്.എസ്.എൽ.സി. വിജയ ശതമാനം എത്രയായിരുന്നുവെന്നും എത്ര കുട്ടികളാണ് ആകെ സ്കൂളിൽ പരീക്ഷയെഴുതിയതെന്നും വിജയിച്ചവർ, ഫുൾ എ പ്ലസ് കിട്ടിയവർ എന്നിവരുടെ എണ്ണവും അറിയിക്കാമോ; വിജയ ശതമാനം സംസ്ഥാന ശരാശരിക്കു താഴെയാണോയെന്നും അറിയിക്കാമോ;

(ബി) 2016 മുതൽ ഈ വർഷം വരെ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനവും ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളുടെ എണ്ണവും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2021-22 വർഷത്തിൽ പ്രസ്തുത സ്കൂളിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സാധാരണ ക്ലാസുകൾക്ക് പുറമെ നടത്തിയ അക്കാദമിക ഇടപെടലുകളും ഇതിൽ ഐ.ടി.ഡി.പി., വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തവും നടപ്പാക്കിയ പ്രത്യേക പദ്ധതികളും ഇതിനു വന്ന ചെലവും വിശദമാക്കാമോ;

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമായുള്ള സ്കൂളിൽ ഈ വർഷം വിജയ ശതമാനം കുറയാനുണ്ടായ കാരണം വിശദമാക്കാമോ; വിജയ ശതമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ജാഗ്രതക്കുറവുണ്ടായോയെന്നും അറിയിക്കാമോ; ഈ വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തുമോ; അറിയിക്കുമോ?

## <u>പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ</u>

**4437.** **ശ്രീ. ടി.ഐ.മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ കെട്ടിട സൗകര്യവും തസ്തികയും സൃഷ്ടിച്ചിട്ടും ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## <u>ഡിജിറ്റൽ പഠന സൗകര്യം</u>

**4438.** **ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ. ടി.സിദ്ദിഖ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ നിലവിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്തവർ എത്രയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് പ്രതിസന്ധി ഉണ്ടായി രണ്ട് വർഷം പിന്നിട്ടിട്ടും ആദിവാസി മേഖലകളിൽ ഡിജിറ്റൽ പഠന സൗകര്യം ഉറപ്പാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ലാപ് ടോപ് വിതരണം ചെയ്തു;

(ഡി) പ്ലസ് ടു, ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലാപ് ടോപ് അനുവദിക്കുന്നതിനും ഊരുകൾ കേന്ദ്രീകരിച്ചു ഡിജിറ്റൽ പഠന സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പഠനമുറി പദ്ധതി

**4439.** **ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'പഠനമുറി' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പഠനമുറി പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ

**4440.** **ശ്രീ. ടി. പി .രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായി നൽകി വരുന്ന സഹായം വ്യക്തമാക്കാമോ;

(ഇ) ഐ.എ.എസ്. കോച്ചിംഗ് ക്ലാസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകി വരുന്ന സേവനങ്ങൾ വിശദമാക്കാമോ?

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ പഠിക്കുന്നതിനുള്ള ധനസഹായം

**4441.** **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ധനസഹായം നൽകുന്നില്ലെങ്കിൽ സഹായം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

## പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ പഠന സഹായം

**4442.** **ശ്രീ. വി. ആർ. സുനിൽകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശത്തു ഉപരിപഠനം നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ ഏതൊക്കെയാണ് നിലവിലുള്ളതെന്നു അറിയിക്കാമോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എത്ര തുകവരെ അനുവദിക്കുമെന്നും അറിയിക്കാമോ?

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കോഴ്സ് കോഡ് ഒന്നിലെ അദ്ധ്യാപക തസ്തികകൾ**

**4443.** **ശ്രീ പി എസ് സുപാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നോക്ക ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കോഴ്സ് കോഡ് ഒന്നിൽ ഉൾപ്പെട്ട ബയോളജി, സയൻസ് ബാച്ചുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതിനാൽ പ്രസ്തുത സ്കൂളുകളിൽ സ്ഥിര അദ്ധ്യാപകർ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി.ഡി.പി. പദ്ധതിയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ ജി.എം.ആർ.എച്ച്.എസ്.എസ്. ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ കോഴ്സ് കോഡ് ഒന്നിൽ ഉൾപ്പെട്ട വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിര അദ്ധ്യാപക നിയമനം സാധ്യമാക്കുമോ; വ്യക്തമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസിഡൻഷ്യൽ സ്കൂളുകൾ**

**4444.** **ശ്രീ വി ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര റസിഡൻഷ്യൽ സ്കൂളുകളാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സ്കൂളുകളിൽ എത്ര വീതം എസ്.സി. , എസ്.റ്റി., ഒ.ബി.സി. വിദ്യാർത്ഥികൾ പഠിച്ചുവരുന്നു എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉന്നതനിലവാരത്തിലെത്തിക്കാൻ ഏതെല്ലാം വിഷയങ്ങളിൽ എത്ര അദ്ധ്യാപകർ വീതം വേണമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എത്ര അദ്ധ്യാപകരെ ഓരോ സ്കൂളുകളിലും നിയോഗിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ?

**മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായം**

**4445.** **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്,

പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികളുണ്ടെന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ സഹായങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങൾ വിതരണം ചെയ്യുന്നതിനാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ പഠനമുറി</u>

**4446.** **ശ്രീ ഡി കെ മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പഠനമുറി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ ഇതിന് വേണ്ടി എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ കൂടുതൽ പഠനമുറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ</u>

**4447.** **ശ്രീ. സനീഷ്കുമാർ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രഖ്യാപിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഏതെങ്കിലും നടപ്പിലാകാത്തതായിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മേഖലയിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥിനികൾക്കായി ചാലക്കുടി മണ്ഡലത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## <u>കോതമംഗലം മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം</u>

**4448.** **ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോതമംഗലം മണ്ഡലത്തിൽ മാതിരിപ്പിള്ളി ജി.വി. എച്ച്.എസ്.എസ് വക സ്ഥലത്ത് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സ്കൂൾ മേലധികാരിയും ഡി. ഡി. ഒ. യും നൽകിയിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ഡി) സ്കൂൾ കുട്ടികളുടെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ വർഷങ്ങളായി ഇവിടെ

പ്രവർത്തിച്ച വരുന്ന പ്രീമെട്രിക് ഹോസ്റ്റൽ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 26 സെന്റ് സ്ഥലം പട്ടികവർഗ്ഗ വകുപ്പിന് കൈമാറുന്നതിന് വേണ്ടി നൽകിയ ശിപാർശയിൽ വേഗത്തിൽ അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ എസ്.സി. പ്രീമെട്രിക് ഹോസ്റ്റൽ

**4449.** **ശ്രീ . മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടാമ്പി മണ്ഡലത്തിൽ എസ്.സി. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ കുട്ടികൾ ഇല്ലാതെ അടച്ച് പൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ ഹോസ്റ്റൽ കെട്ടിടം ഉപയോഗപ്പെടുത്താത്തത് മൂലം നശിക്കുന്നത് തടയാൻ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടം പട്ടികജാതി വിഭാഗത്തിന് മുൻഗണനയുള്ള പോളിടെക്നിക്കായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വികസന സമിതിയിൽ എം.എൽ.എ. ഉന്നയിച്ച പരാതിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഹോസ്റ്റൽ കെട്ടിടം നവീകരിച്ച് പട്ടികജാതി വിഭാഗത്തിന് മുൻഗണന നൽകികൊണ്ടുള്ള പോളിടെക്നിക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചാലക്കുടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ

**4450.** **ശ്രീ. സനീഷ്കുമാർ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ പരിശീലനം

**4451.** **ശ്രീ. നജീബ് കാന്തപുരം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സ്വയംതൊഴിൽ പരിശീലനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രത്യേക തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വിട്ടൂർ ഗാന്ധിഗ്രാം കോളനിയിലെ സ്വയംതൊഴിൽ പരിശീലനകേന്ദ്രം

**4452.** **ശ്രീ. പി.വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ ഗാന്ധിഗ്രാം പട്ടികജാതി കോളനിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനം

**4453.** **ശ്രീ സി എച്ച് കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനം ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം മുഖേന ഭൗതിക സാഹചര്യം തയ്യാറാക്കിയാൽ പ്രീ-എക്സാമിനേഷൻ സെന്റർ പോലുള്ള സ്ഥാപനം ജില്ലയിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

## റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

**4454.** **ശ്രീ വി ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികവിഭാഗ വികസന വകുപ്പിലെ റസിഡൻഷ്യൽ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നല്ലാതെ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ; അവയുടെ വിശദാംശം സ്കൂൾ തിരിച്ച് നൽകാമോ;

(ബി) ഇത്തരത്തിൽ നിയമിച്ച അധ്യാപകർക്ക് ഓരോ വർഷവും വേതന ഇനത്തിൽ എത്ര തുക ചെലവഴിക്കുന്നുവെന്നും ഏതു ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള തുകയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗം

**4455.** **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഏറനാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെയായി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ

പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയാണെന്നും പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

**4456.** **ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016 മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ കോളനികളിൽ നവീകരിച്ച റോഡുകൾ, മറ്റു പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ തൽസ്ഥിതി വിശദമാക്കാമോ;

(സി) മടിക്കൈ പഞ്ചായത്തിലെ നെട്ടം-ഇടുപ്പ്-മണിമുണ്ട-നാര കോളനി റോഡ് നവീകരണം, കുളങ്ങാട് കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള നവീകരണ പ്രവൃത്തികൾ

**4457.** **ശ്രീ. കെ.എം.സച്ചിൻദേവ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ എസ്.സി. കോളനികളിലാണ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഇപ്പോൾ നവീകരണ പ്രവൃത്തി നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിൽ ജില്ലയിൽ നിന്ന് അനുമതി നൽകുന്നത്; കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്;

(സി) നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി ഏതൊക്കെ പ്രവൃത്തികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം അറിയിക്കാമോ?

## പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

**4458.** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2019-20, 2020-21, 2021-2022 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കോർപ്പസ് ഫണ്ട് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികൾ

**4459.** **ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തൃശ്ശൂർ ജില്ലയിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികളും തുകയും സംബന്ധിച്ച വിശദാംശം മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിനായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാം; ഇതിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

**4460.** **ശ്രീമതി ദെലീമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അരൂർ മണ്ഡലത്തിൽ 2016 മുതൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ആയതിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിലെ കോളനികളിൽ കോർപ്പസ് ഫണ്ട് വിനിയോഗം

**4461.** **ശ്രീ വി ജോയി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വർക്കല നിയോജകമണ്ഡലത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മങ്കട മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

**4462.** **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മങ്കട മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ

**4463.** **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഷൊർണ്ണൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ വാണിയംകുളം പഞ്ചായത്തിലെ അരിക്കത്ത് മനപ്പടി കോളനിയുടെയും ത്രിക്കടീരി ഗ്രാമപഞ്ചായത്തിലെ കരിയാട്ട് കോളനിയുടെയും പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

## <u>പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കൽ</u>

**4464.** **ശ്രീ . എൻ . ഷംസുദ്ദീൻ**

**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. നജീബ് കാന്തപുരം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പുന:രുജ്ജീവിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് മതിയായ വിപണി ലഭ്യമാണോയെന്ന് അറിയിക്കാമോ;

(സി) പട്ടിക വർഗ്ഗക്കാർക്ക് ഭക്ഷ്യസുരക്ഷയും പോഷകാഹാരവും ഉറപ്പ് വരുത്തുന്നതിനായി ഈ പദ്ധതി കൂടുതൽ പ്രദേശത്തേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>പട്ടികജാതിയിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടി</u>

**4465.** **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ. ടി.സിദ്ദിഖ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ ബജറ്റിലും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

## കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

4466. **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ ശിപാർശയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കുടുംബി സമുദായത്തെക്കുറിച്ച് കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ആവശ്യപ്പെട്ടിട്ടുള്ള അധികവിവരങ്ങൾ ലഭ്യമാക്കുന്നതിനായി കിർത്താഡ്സിനെ ഏല്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അധികവിവരങ്ങൾ സമർപ്പിക്കുന്നതിനായി കിർത്താഡ്സ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4467. **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വർഷങ്ങളായി അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണെന്നും തസ്തിക ഏതാണെന്നും പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## ഏക വരുമാനദാതാവിന്റെ കുടുംബത്തിനുള്ള മരണാനന്തര ധനസഹായം

4468. **ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദാതാവ് മരണപ്പെടുന്ന സാഹചര്യത്തിൽ നൽകിവരുന്ന ധനസഹായത്തിന് കോവിഡ് കാലഘട്ടത്തിൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ആയതിനായി ഒരു അവസരം കൂടി നൽകാമോ;

(ബി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി നിലവിൽ നിശ്ചയിച്ചിട്ടുള്ള രണ്ടു വർഷം എന്നുള്ളത് അഞ്ചു വർഷമായി വർദ്ധിപ്പിക്കാമോ?

## വർക്കല മണ്ഡലത്തിൽ അനുവദിച്ച മരണാന്തര ധനസഹായം

4469. **ശ്രീ വി ജോയി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏക വരുമാന സമ്പാദകൻ മരണപ്പെട്ടാൽ എത്ര രൂപയാണ് സർക്കാർ അനുവദിച്ച് നല്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-21 കാലയളവിൽ വർക്കല മണ്ഡലത്തിലെ എത്ര പേർക്ക് പ്രസ്തുത സഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>പട്ടിക ജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്</u>

**4470. ശ്രീ സി ആർ മഹേഷ്**

**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പട്ടികജാതി ഫണ്ട് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുക്കൽ</u>

**4471. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുത്ത് പട്ടിണിയകറ്റി അവരെ സ്വയം പര്യാപ്തരാക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അട്ടപ്പാടിയിൽ ആയിരത്തിലധികം സംഘങ്ങൾ രൂപീകരിച്ച് നടത്തുന്ന കാർഷിക ഉപജീവന പ്രവർത്തനങ്ങൾക്ക് ദിശാബോധം പകരുന്നതിനും ഈ മാതൃക എല്ലാ പട്ടിക ഗോത്രവർഗ്ഗ അധിവാസ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുമോ;

(സി) പട്ടിക ഗോത്രവർഗ്ഗക്കാർ കേന്ദ്രീകരിച്ച് വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള കൃഷിയും കാർഷികാനുബന്ധ പ്രവർത്തനങ്ങളും വ്യാപിപ്പിച്ച് സുസ്ഥിര വരുമാനദായക മാർഗം ഉറപ്പാക്കുന്നതിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>ചികിത്സാ സഹായ നിധിയിൽ നിന്നും ധനസഹായം</u>

**4472.** **ശ്രീ സി കെ ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പാറശാല മണ്ഡലത്തിൽ നിന്നും പിന്നാക്കക്ഷേമ വകുപ്പിന്റെ ചികിത്സാ സഹായ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായമായി എത്ര തുക അനുവദിച്ചു; പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഏതൊക്കെ അസുഖങ്ങൾക്കാണ് പിന്നാക്കക്ഷേമ വകുപ്പിന്റെ ചികിത്സാ സഹായനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതെന്ന വിവരം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരാൾക്ക് പരമാവധി എത്ര രൂപ വരെ സഹായം ലഭ്യമാക്കി നൽകാനാകും; വിശദമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>

**4473.** **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ ചികിത്സാ സഹായ വിതരണം</u>

**4474.** **ശ്രീ എം എസ് അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മാവേലിക്കര മണ്ഡലത്തിൽ എത്ര പേർക്ക് ചികിത്സാ സഹായം വിതരണം ചെയ്തുവെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ?

## <u>അട്ടപ്പാടി മേഖലയിലെ ശൈശവ ആരോഗ്യ സംരക്ഷണം</u>

**4475.** **ശ്രീ. റോജി എം. ജോൺ**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അട്ടപ്പാടി മേഖലയിൽ തുടർച്ചയായി ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇവിടുത്തെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ അവലോകനം

നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അട്ടപ്പാടി ഊരുകളിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ഒരു പരിധിവരെ ഗുണം ചെയ്യുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ പ്രവർത്തിക്കാത്ത സമൂഹ അടുക്കളകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) നവജാതശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഗർഭാവസ്ഥയിലെ പരിചരണത്തിന് പ്രാധാന്യമുള്ളതിനാൽ ഈ കാര്യത്തിൽ എന്തൊക്കെ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

## മലപ്പുറം ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം

**4476.** **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ തൊള്ളായിരത്തി അമ്പത്തിയഞ്ച് ധനസഹായ അപേക്ഷകളിൽ എത്ര എണ്ണം നാളിതുവരെ തീർപ്പാക്കി ; പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എതെല്ലാം ആവശ്യങ്ങൾക്കായി നൽകിയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്; കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ധനവകുപ്പിന്റെ പ്രത്യേക നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടോ;

(സി) ബജറ്റ് വിഹിതം പൂർണമായും ചെലവഴിക്കാനും അർഹരായ ഗുണഭോക്താക്കൾക്ക് എത്രയും വേഗം ധനസഹായം വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ?

## പരപ്പ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്

**4477.** **ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഗോത്രസാരഥി പദ്ധതി

**4478.** **ശ്രീ ഡി കെ മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാരണത്താൽ ഗോത്രസാരഥി പദ്ധതിക്ക് പെരിങ്ങമ്മല പഞ്ചായത്തിൽ തടസ്സം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ഡി) വാമനപുരം മണ്ഡലത്തിൽ എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

## പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

**4479.** **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോട്ടയം ജില്ലയിലെ പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകാമോ; ഇവയിൽ നിഷ്ക്രിയമായ സംഘങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ നൽകാമോ;

(ബി) നിഷ്ക്രിയമായിക്കിടക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ആയതിന്റെ വിശദാംശം നൽകാമോ;

(സി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ആവിഷ്കരിച്ചിരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ പ്രവർത്തനമില്ലാതെ നിർജ്ജീവമായി കിടക്കുന്നവയുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

## പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

**4480.** **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പുതിയവ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് നൽകിയ സർക്കാർ വായ്പകൾ എഴുതിതള്ളാൻ നടപടി

**4481.** **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് നൽകിയ സർക്കാർ വായ്പകൾ എഴുതിതള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏത് കാലയളവുവരെ എടുത്ത വായ്പകൾക്കാണ് ഈ ആനുകൂല്യം നല്കുന്നത്; ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗക്കാരുടെ വായ്പ കുടിശ്ശിക നിവാരണത്തിനായി 2021-22 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തി; അതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ ശോഷണം

**4482.** **ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിഭാഗങ്ങളുടെ നിലവിലെ ജനസംഖ്യ എത്ര വീതം ആണെന്ന് അറിയിക്കുമോ;

(ബി) ഈ വിഭാഗക്കാരുടെ 2001, 2011 വർഷങ്ങളിലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ കണക്കുകൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ ഇരുപത് വർഷക്കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് ജനസംഖ്യ ശോഷണം സംഭവിച്ചിട്ടുള്ളത്;

(ഡി) ജനസംഖ്യ ശോഷണം ഉണ്ടായതിനുള്ള കാരണങ്ങളെന്തൊക്കെയാണ് എന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

**4483.** **ശ്രീ. ടി. പി .രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22-ലെയും 2022-23-ലെയും ബജറ്റിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക വ്യക്തമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; അറിയിക്കാമോ?

## വാത്സല്യ നിധി പദ്ധതി

**4484.** **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീമതി ഒ എസ് അംബിക**

**ശ്രീ. പി.വി.അൻവർ**

**ശ്രീമതി ശാന്തകുമാരി കെ.:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി വിഭാഗത്തിലുള്ള പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിവരുന്ന വാത്സല്യ നിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന ഇൻഷുറൻസ് പരിരക്ഷ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അർഹതപ്പെട്ടവരെയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ;

(ബി) പട്ടിക ജാതിക്കാരായ പെൺകുട്ടികൾക്ക് വേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## തവനൂർ മണ്ഡലത്തിലെ പുല്ലൂണി കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി

**4485.** **ഡോ.കെ.ടി.ജലീൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ പുല്ലൂണി കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് വല്ല തടസ്സങ്ങളും ഉണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികൾക്ക് എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

## ചികിത്സാ ധനസഹായ പദ്ധതി

**4486.** **ശ്രീ. ടി.ഐ.മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ചികിത്സാധനസഹായ പദ്ധതിയ്ക്കുള്ള അപേക്ഷകളിൽ തീരുമാനമായി സർക്കാർ ഉത്തരവ് ഇറങ്ങിയാലും അനുവദിച്ച തുക ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) എം.എൽ.എ.മാർ മുഖേന നൽകുന്ന അപേക്ഷകളിൽ എടുത്ത തീരുമാനവും അപേക്ഷകളുടെ സ്റ്റാറ്റസും എം.എൽ.എ.മാരെ അറിയിക്കാൻ ആവശ്യമായ സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ അത്തരം ക്രമീകരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ട്രൈബൽ അപ്പാരൽ പാർക്ക് പദ്ധതി

**4487.** **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിലുറപ്പവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പിന്നാക്ക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ട്രൈബൽ അപ്പാരൽ പാർക്ക് ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

**4488.** **ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റതു മുതൽ പട്ടികജാതി, പട്ടിക വർഗ്ഗ വികസന വകുപ്പ്

മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക അനുവദിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ബി) നിലവിൽ പരമാവധി തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കാമോ;

(സി) സ്പെഷ്യാലിറ്റി ചികിത്സകളുടെ ഭാഗമായി സംസ്ഥാനത്തെ മികച്ച സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് വിധേയരാകുന്ന നിർധനരായ പട്ടിക വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ചെലവാകുന്ന മുഴുവൻ തുകയും ഒറ്റത്തവണയായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ

**4489.** **ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നാക്ക സമുദായ ക്ഷേമത്തിനായി സർക്കാർ പ്രത്യേക വകുപ്പ് ആരംഭിച്ചത് എന്നാണ്; എന്തൊക്കെ ക്ഷേമപദ്ധതികളാണ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021-22 വർഷത്തിൽ ഈ ഓരോ സ്കീമിലും എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; എത്ര തുക നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടിക ജാതി ചികിത്സാ ധനസഹായം

**4490.** **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് പട്ടിക ജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ

**4491.** **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ഓഫീസുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

## വാത്സല്യനിധി പദ്ധതി

**4492.** **ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ എത്ര പേർ ഗുണഭോക്താക്കളായിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി കുടുംബങ്ങളിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുമോ?

## പിന്നാക്ക സമുദായ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യവും സ്കോളർഷിപ്പും

**4493.** **ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠിക്കുന്ന പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത സൗകര്യം അപര്യാപ്തമാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് പോലുള്ള ആനുകൂല്യം പല വർഷങ്ങളിലും മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പിന്നാക്ക സമുദായങ്ങൾക്ക് പ്രത്യേക ഫണ്ട്

**4494.** **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പിന്നാക്ക സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പട്ടികജാതി വിഭാഗങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് മാതൃകയിൽ പ്രത്യേക ഫണ്ട് ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## ക്ഷേത്രക്കുളങ്ങൾ നവീകരിക്കൽ

**4495.** **ശ്രീ വി ജോയി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനും മോടി പിടിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷം എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അത്തരത്തിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ കുളങ്ങളാണ് നവീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ക്ഷേത്ര ജോലിക്കാർക്ക് ക്ഷേമ നിധി ബോർഡ് രൂപീകരണം

**4496.** **ശ്രീ വി ജോയി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ദേവസ്വം ബോർഡുകളുടെ അധീനതയിൽ ഉൾപ്പെടാത്ത ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ

**4497.** **ശ്രീ ഡി കെ മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് രണ്ട് മാസത്തിനുള്ളിൽ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകണമെന്ന ഹൈക്കോടതി ഉത്തരവ്(ഉത്തരവ് നം. WP(C)No.7432 of 2021 dtd. 9.5.2022) ദേവസ്വം ബോർഡ് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ കോടതി ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

## ദേവസ്വം ബോർഡിന്റെ സ്ഥലത്ത് വ്യാപാരികളുടെ പുനരധിവാസം

**4498.** **ഡോ സുജിത് വിജയൻപിള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ദേവസ്വം ബോർഡിന്റെ വസ്തുക്കളിൽ സ്ഥിതി ചെയ്തിരുന്ന വ്യാപാര സ്ഥാപനങ്ങൾ ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരികളെ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് തന്നെ കടകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേവസ്വം ബോർഡ് ഓഫീസുകളുടെ ആധുനികവൽക്കരണം

**4499.** **ഡോ. എൻ. ജയരാജ്**

**ശ്രീ പ്രമോദ് നാരായൺ**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് ദേവസ്വം ബോർഡ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൂടുതൽ സുതാര്യമാക്കുതിനെക്കുറിച്ച് ആലോചിക്കുമോ;

വിശദമാക്കുമോ;

(ബി) ദേവസ്വം ബോർഡ് ഓഫീസുകളിൽ ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## <u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

**4500.** **ശ്രീ. ടി.ഐ.മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയെങ്കിലും അതിന്റെ ആനുകൂല്യം പൂർണ്ണമായും ജീവനക്കാർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ മാസവും കൃത്യമായി ശമ്പളം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാൻ നിയമ നിർമ്മാണം</u>

**4501.** **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. എ. രാജ**

**ശ്രീ. കെ. ബാബു (നെന്മാറ)**: താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണമെന്നും ഇതിനായി നിയമ നിർമ്മാണം നടത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും 12 കിലോമീറ്റർ വരെ പരിസ്ഥിതിലോല മേഖലയാക്കാമെന്ന് 2015- ൽ അന്നത്തെ സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് നിർദ്ദേശിച്ചിരുന്നുവോ; മറ്റെന്തൊക്കെ കാര്യങ്ങളാണ് നിർദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി ലോല മേഖല വിഷയം ചർച്ച ചെയ്യാൻ സർക്കാർ പ്രത്യേക യോഗം വിളിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>സാമൂഹ്യ വനവത്ക്കരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ</u>

**4502.** **ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സാമൂഹ്യ വനവത്ക്കരണ വിഭാഗം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ

പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

## <u>എക്കോ സെൻസിറ്റീവ് സോൺ</u>

**4503.** **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെട്ടിട്ടുള്ള വണ്ടൂർ നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളുടെ സർവ്വെ നമ്പർ, ബ്ലോക്ക് നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ എക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ ജിയോ കോർഡിനേറ്റ് സഹിതം ഉള്ള പ്ലാൻ ലഭ്യമാക്കാമോ?

## <u>മംഗളവനം പക്ഷി സങ്കേതം</u>

**4504.** **ശ്രീ. ടി. ജെ. വിനോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) എറണാകുളം മണ്ഡലത്തിലെ മംഗളവനം പക്ഷി സങ്കേതത്തെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ബഫർ സോൺ ആയി വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ 03.06. 2022-ലെ സുപ്രീം കോടതി ഉത്തരവ് മംഗളവനം പക്ഷി സങ്കേതത്തിന് ബാധകമാണോ; എങ്കിൽ അത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

## <u>ഗ്രീൻ ഗ്രാസ് പ്രോജക്റ്റ്</u>

**4505.** **ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീമതി സി. കെ. ആശ**

**ശ്രീ. വാഴൂർ സോമൻ**

**ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വനമേഖല മാലിന്യ മുക്തമാക്കുന്നതിന് വേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച് മാപ്പിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവുമധികം മാലിന്യം നിക്ഷേപിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ബഫർ സോൺ പ്രദേശങ്ങൾ

**4506.** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ബഫർ സോൺ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശങ്ക അകറ്റുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ ബഫർ സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം

**4507.** **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീമതി.ഉമ തോമസ്**

**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യമാക്കി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും എസ്റ്റേറ്റുകൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഏറ്റെടുത്ത എസ്റ്റേറ്റുകളുടെ നഷ്ടപരിഹാര തുകയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഇക്കോ സെൻസിറ്റീവ് സോൺ

**4508.** **ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ. എ . പി . അനിൽ കുമാർ**

**ഡോ. മാത്യു കുഴൽനാടൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 23.10.2019-ലെ മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ കൂടി ഇക്കോ സെൻസിറ്റീവ്

സോണിൽ ഉൾപ്പെടുത്താനുണ്ടായ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മന്ത്രിസഭാ തീരുമാനം പിന്നീടുള്ള സർക്കാർ തിരുത്തി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഇക്കോ സെൻസിറ്റീവ് സോൺ

**4509.** **ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ സി ആർ മഹേഷ്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് 13.4.2015-ന് അന്നത്തെ സർക്കാർ കേന്ദ്ര വനമന്ത്രാലയത്തിന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ 2016-ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ധ സമിതി യോഗത്തിൽ ചർച്ച ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## വനവൽക്കരണ പരിപാടി

**4510.** **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആഗോളതാപനത്തെ ചെറുക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി 2016 മുതൽ നാളിതുവരെയായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവിട്ടത്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

## മലപ്പുറം ഹാജിയാർ പള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

**4511.** **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യവനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സൈറ്റിൽ ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ പാർക്ക് എന്നിവ

ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പരിസ്ഥിതിലോല മേഖല

**4512.** **ശ്രീ സി കെ ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീം കോടതി വിധി പാറശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രസ്തുത പ്രദേശങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പാറശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനാധിവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

## സ്വകാര്യ കണ്ടൽ കാടുകൾ ഏറ്റെടുക്കാനുള്ള പദ്ധതി

**4513.** **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. ടി. ജെ. വിനോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സ്വകാര്യ കണ്ടൽ കാടുകൾ ഏറ്റെടുക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ഏക്കർ കണ്ടൽക്കാട് ഏറ്റെടുത്തിട്ടുണ്ട്; എത്ര രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട് ; കണ്ടൽക്കാടുകൾ എറ്റെടുക്കുന്നതിനുള്ള ഫയലുകൾ വനം വകുപ്പ് ആസ്ഥാനത്ത് തീർപ്പ് കൽപ്പിക്കാതിരിക്കുന്നുണ്ടോ; കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) കണ്ടൽക്കാടുകൾ വിട്ടുനൽകാൻ താല്പര്യം അറിയിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്തുകൊണ്ട് പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

## പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ്വ് വനം സംബന്ധിച്ച്

**4514.** **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലുള്ള പെരിങ്ങാട്-ചേറ്റുവ കണ്ടൽ റിസർവ്വ് വനത്തിന്റെ സംരക്ഷണത്തിനും വികസനത്തിനുമായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>അട്ടപ്പാടി ബദൽ റോഡ് നിർമ്മാണത്തിന്റെ സാധ്യതാ പരിശോധന</u>

**4515.** **ശ്രീമതി ശാന്തകുമാരി കെ.:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അട്ടപ്പാടി ബദൽ റോഡ് നിർമ്മാണത്തിന്റെ സാധ്യതകൾ പഠിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മറ്റു വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് രണ്ടാംഘട്ട സ്ഥല പരിശോധന നടത്തിയ തീയതി എന്നാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥല പരിശോധന സംബന്ധിച്ച റിപ്പോർട്ട് വനംവകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) സ്ഥല പരിശോധനയ്ക്ക് ശേഷം അതിന്മേൽ നാളിതുവരെ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

## <u>കരുളായി മുണ്ടക്കടവ് ആദിവാസി കോളനി നിവാസികൾക്കുള്ള താമസസ്ഥലം</u>

**4516.** **ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയ്ഞ്ചിന് കീഴിൽ വനാന്തർ ഭാഗത്തുള്ള മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമിയും വീടും നഷ്ടമായതിന് പകരം താമസസ്ഥലം ഏർപ്പെടുത്താൻ വനഭൂമി വിട്ടുനൽകുന്നത് പരിഗണനയിലുണ്ടോ; ഇതിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) കരുളായി മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്നവരുടെ എത്ര ഏക്കർ വനഭൂമിയാണ് 2019-ലെ പ്രളയത്തിൽ വാസയോഗ്യമല്ലാതായതെന്നും ഇവർക്ക് പകരമായി ഇത്രയും വനഭൂമി എവിടെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## <u>നിരാക്ഷേപപത്രം അനുവദിക്കൽ</u>

**4517.** **ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനാതിർത്തി പങ്കിടുന്നതോ വനത്തിനോട് ചേർന്ന പ്രദേശത്തുള്ളതോ ആയ സ്വകാര്യ ഭൂമികളുടെ ക്രയവിക്രയങ്ങൾക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം രജിസ്ട്രേഷൻ വകുപ്പിന് രേഖാമൂലം നൽകിയിട്ടുണ്ടോ; അപ്രകാരം ഉത്തരവുണ്ടെങ്കിൽ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ; നിരാക്ഷേപപത്രം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും ആയത് അനുവദിക്കേണ്ട കാലദൈർഘ്യവും വിശദമാക്കാമോ;

(ബി) വനം വകുപ്പിന്റെ നിരാക്ഷേപപത്രം നിലവിൽ ലഭിച്ചിട്ടുള്ള സ്വകാര്യ ഭൂമികൾക്ക് മൂന്ന് വർഷം കാലാവധി കഴിഞ്ഞാൽ പുതിയ നിരാക്ഷേപപത്രം ആവശ്യമാണോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; നിരാക്ഷേപപത്രം പുതുക്കി നൽകുന്നതിനുള്ള നടപടിക്രമങ്ങളും അനുവദിക്കാൻ എടുക്കുന്ന കാലദൈർഘ്യവും വ്യക്തമാക്കാമോ;

(സി) വനം വകുപ്പ് നിരാക്ഷേപപത്രം അനുവദിച്ചതും പിന്നീട് കാലാവധി കഴിഞ്ഞ് പുതുക്കാനായി വരുന്നതുമായ അപേക്ഷകളിൽ രണ്ടാമതും സർവേ ചാർജ്ജ് ഈടാക്കുന്നതിന് രേഖാമൂലമുള്ള സർക്കാർ ഉത്തരവോ നിർദ്ദേശമോ ഉണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് അനുവദിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത് ഫോറസ്റ്റ് വനം വകുപ്പിന്റെ നിരാക്ഷേപപത്രം അനുവദിക്കുന്നതിന് 2020 മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നും അവയിൽ നിരാക്ഷേപപത്രം അനുവദിച്ചവ എത്രയെന്നും ഇനിയും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ടെന്നും അറിയിക്കാമോ; നിലവിൽ പരിഗണിക്കുന്ന അപേക്ഷകൾ ഏത് തീയതിയിൽ ലഭിച്ചതാണെന്നും അവസാനമായി നിരാക്ഷേപപത്രം അനുവദിച്ചത് ഏത് തീയതിയിൽ ലഭിച്ച അപേക്ഷയിലാണെന്നും അറിയിക്കാമോ; നിരാക്ഷേപപത്രം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) മലപ്പുറം ജില്ലയിൽ വനമേഖലയിലെ സ്വകാര്യ ഭൂമികൾക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രം അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം നേരിടുന്നതുകാരണം വിവിധ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള സ്വകാര്യ ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് തടസ്സമുണ്ടാകുന്ന കാര്യം സഗൗരവം പരിഗണിക്കുമോ; വനം വകുപ്പ് നിരാക്ഷേപപത്രം അനുവദിക്കുന്നതിന് സമയപരിധി നിശ്ചയിക്കുമോ?

## <u>വിട്ടൂർ ടിമ്പർ ഡിപ്പോ സർവ്വേയ്ക്കുള്ള അനുമതി</u>

**4518.** **ശ്രീ. പി.വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മൂവാറ്റുപുഴ -കാക്കനാട് നാല് വരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ വിട്ടൂർ ടിമ്പർ ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്ത് സർവ്വെ നടത്തുന്നതിനുള്ള കിഫ്ബിയുടെ അപേക്ഷയിന്മേൽ തീരുമാനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിട്ടൂർ ടിമ്പർ ഡിപ്പോയുടെ ഭാഗത്ത് സർവ്വെ നടത്തുന്നതിനുള്ള അപേക്ഷയിന്മേൽ അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>വനം-വന്യജീവി വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>

**4519.** **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന

ഏതെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ പ്രവർത്തന പുരോഗതിയും മറ്റ് വിശദാംശവും ലഭ്യമാക്കാമോ?

## വനം വകുപ്പിലെ കിഫ്ബി പദ്ധതികൾ

**4520.** **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ വനാതിർത്തി സംരക്ഷണം, ഫെൻസിംഗ് തുടങ്ങിയവയ്ക്ക് വിപുലമായ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പരിസ്ഥിതി വനസംരക്ഷണം - ഗ്രീൻ ഇൻഡ്യ മിഷൻ

**4521.** **ശ്രീ ഐ ബി സതീഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇൻഡ്യ മിഷൻ തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(ബി) ആയതിലേക്ക് പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനാകുമോ; ഇതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാവുകൾ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ

**4522.** **ശ്രീ. കെ.എം.സച്ചിൻദേവ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ബാലുശ്ശേരി മണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലൂടെ കാവുകൾ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

## വനസംരക്ഷണ കർമ്മപദ്ധതികൾ

**4523.** **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) കേന്ദ്ര സഹായത്തോടെയുള്ള ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിന് യഥാസമയം കേന്ദ്ര

സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വന സംരക്ഷണത്തിന് തുടർന്നു വന്ന ഏതെല്ലാം പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; ആയത് നിർത്തലാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ?

## ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കിയുള്ള പദ്ധതി

**4524.** **ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആലപ്പുഴ ജില്ലയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കാവും കുളവും പദ്ധതി

**4525.** **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാവും കുളവും പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## വിദ്യാവനം പദ്ധതി

**4526.** **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## തദ്ദേശ സ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള നടപടികൾ

**4527.** **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2022-ലെ പരിസ്ഥിതിദിന സന്ദേശത്തിന്റെ ഭാഗമായി വനംവകുപ്പ് എന്തെല്ലാം പുതിയ കർമ്മപദ്ധതികൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളെ കാർബൺ ന്യൂട്രൽ ആക്കുന്നതിന് വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ഫോറസ്റ്റ് സ്റ്റേഷൻ

**4528.** **ശ്രീ സി എച്ച് കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനം വകുപ്പിന്റെ കീഴിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ പോലും ഇല്ലാത്ത ജില്ല ഏതാണെന്ന് അറിയിക്കാമോ;

(ബി) കർണ്ണാടക വനമേഖലയുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായതിനാൽ ഒരു ഫോറസ്റ്റ് സ്റ്റേഷനെങ്കിലും അനുവദിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ഫോറസ്റ്റ് സ്റ്റേഷൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായുള്ള ജണ്ട നിർമ്മാണം

**4529.** **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി ജണ്ട നിർമ്മിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് ഏത് കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നത്; ഏതെല്ലാം തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് മേൽനോട്ട ചുമതല നൽകിയിരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ജണ്ടകൾ പലതും നശിച്ചു പോയതായും നിർമ്മാണപ്രവർത്തനങ്ങളിൽ ക്രമക്കേട് നടന്നതായുമുള്ള റിപ്പോർട്ട് വനം വകുപ്പിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം കുറ്റക്കാരായവരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

## ഇക്കോ ടൂറിസം പദ്ധതികൾ

**4530.** **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനം വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതുപ്പാടി പഞ്ചായത്തിലെ കക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടികൾ സ്വീകരിക്കുമോ?

## കൊടികുത്തിമല ഇക്കോ ടൂറിസം

**4531.** **ശ്രീ. നജീബ് കാന്തപുരം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ പ്രാഥമികാവശ്യങ്ങൾക്കും കുടിവെള്ളത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രം

**4532.** **ശ്രീ. നജീബ് കാന്തപുരം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് സൂര്യാസ്തമയം കാണുന്നതിനായി സന്ദർശന സമയം ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) കൊടികുത്തി മല ഇക്കോ ടൂറിസം കേന്ദ്രത്തിലെ വ്യൂ പോയിന്റിലേക്ക് സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിന് ട്രക്കിംഗ് വാഹനങ്ങൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ വീര മലക്കുന്നിൽ ഇക്കോ ടൂറിസം പ്രോജക്ട്

**4533.** **ശ്രീ എം രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസം സ്പോട്ടായ വീരമലക്കുന്നിൽ ഇക്കോ ടൂറിസം പ്രോജക്ട് ആരംഭിക്കാനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ജണ്ട നിർമ്മാണത്തിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി

**4534.** **ഡോ. എം.കെ . മുനീർ**

**ശ്രീ .പി. കെ. ബഷീർ**

**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എഴുപത് കോടി രൂപ ചെലവിട്ട് വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ കെട്ടിയതിൽ വ്യാപകമായി അഴിമതി നടന്നതായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്ന്

വെളിപ്പെടുത്താമോ;

(സി) കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഡെപ്യൂട്ടേഷൻ നിയമനം

**4535.** **ശ്രീ സി ആർ മഹേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരള വനം-വന്യജീവി വകുപ്പിൽ നിലവിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഉണ്ട്; ഇവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ വിവിധ കമ്പനി/ കോർപ്പറേഷൻ/ ബോർഡ് മുതലായവയിൽ ജോലി ചെയ്യുന്നു; ഡെപ്യൂട്ടേഷനിൽ പോയവരിൽ വനിതകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ബി.എഫ്.ഒ.മാർ മറ്റ് സ്ഥലങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ആണ് ജോലി ചെയ്യുന്നത്; ഡെപ്യൂട്ടേഷനിൽ ഉള്ള ബി.എഫ്.ഒ.മാരിൽ പരിശീലനം പൂർത്തിയാക്കാത്തവർ എത്ര പേരുണ്ട്; അവരെ പരിശീലനത്തിന് അയക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഡെപ്യൂട്ടേഷനിൽ ഉള്ള ബി.എഫ്.ഒ.മാരിൽ എത്ര പേർ അവരുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നു; ഉയർന്ന ശമ്പള സ്കെയിലിൽ ഉള്ളവരെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള തസ്തികകളിൽ നിയമിക്കുന്ന നടപടി പരിശോധിക്കുമോ;

(ഇ) നിരവധി വനിതകൾ പരിശീലനം പൂർത്തിയാക്കി ദുർഘടമായ വന മേഖലയിൽ ജോലി ചെയ്യുമ്പോൾ പുരുഷൻമാരായ നിരവധി ബി.എഫ്.ഒ.മാരെ മറ്റ് തസ്തികകളിലേക്ക് അയച്ച വകുപ്പിന്റെ നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

## വനം വകുപ്പിന് കീഴിലെ ജീവനക്കാരുടെ വിവരങ്ങൾ

**4536.** **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാലക്കാട് ജില്ലയിൽ വനം വകുപ്പിന് കീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര സ്ഥിരം ജീവനക്കാർ, എത്ര താത്കാലിക ജീവനക്കാർ എന്ന് വ്യക്തമാക്കാമോ?

## വനാശ്രിത സമൂഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ

**4537.** **ശ്രീ. ടി. പി .രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## തൊണ്ടി മുതലുകൾ നഷ്ടപ്പെട്ട സംഭവം

**4538.** **ഡോ. മാത്യു കുഴൽനാടൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനം വകുപ്പിന്റെ പരുത്തിപ്പള്ളി റേഞ്ചിലെ സ്റ്റോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന തൊണ്ടിമുതലായ ചന്ദനവിഗ്രഹങ്ങൾ കാണാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ;

(ബി) 2016 മുതൽ വനംവകുപ്പ് ഇന്റലിജൻസ് മുട്ടത്തറ സ്വദേശികളിൽ നിന്ന് പിടിച്ചെടുത്ത തൊണ്ടിമുതലാണ് നഷ്ടപ്പെട്ടതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടപ്പെട്ട മറ്റ് തൊണ്ടിമുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) തൊണ്ടിമുതലുകൾ സ്റ്റോങ്ങ് റൂമിൽ നിന്നും നഷ്ടപ്പെട്ട സംഭവം അറിഞ്ഞിട്ടില്ല എന്ന് പരുത്തിപ്പള്ളി റേഞ്ച് ഓഫീസർ മാധ്യമങ്ങളോട് പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വീഴ്ച സംഭവിച്ചവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ?

## വനം വികസന കോർപ്പറേഷൻ അദ്ധ്യക്ഷയുടെ യാത്രപ്പടി

**4539.** **ശ്രീ . എൻ . ഷംസുദ്ദീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വനം വികസന കോർപ്പറേഷൻ അദ്ധ്യക്ഷ സ്വകാര്യ ആവശ്യങ്ങൾക്ക് കോർപ്പറേഷൻ വാഹനം ഉപയോഗിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ബി) സ്വകാര്യ ആവശ്യങ്ങൾക്ക് കോർപ്പറേഷൻ വാഹനം ഉപയോഗിച്ചതിന് ചെലവായ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കോർപ്പറേഷൻ അദ്ധ്യക്ഷയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക തിരിച്ചടയ്ക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ?

## റോഡരുകിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ

**4540.** **ഡോ. എൻ. ജയരാജ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചങ്ങനാശ്ശേരി വാഴൂർ റോഡിൽ കാഴ്ചമറച്ച് അപകടകരമായി നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ടാണ് പൊതുമരാമത്ത് വകുപ്പ് കത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് പ്രസ്തുത കത്ത് നൽകിയ തീയതി വ്യക്തമാക്കാമോ; അതിന് ശേഷം എത്ര ട്രീ കമ്മിറ്റികൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത ട്രീ കമ്മിറ്റിയിൽ നേരിട്ട് ഹാജരാകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഹാജരാകാൻ പൊതുമരാമത്ത് വകുപ്പ് അധികൃതരോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അപേക്ഷകരായ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നില്ലായെന്ന് ട്രീ കമ്മിറ്റിയംഗം 04.07.2022-ലെ ഒരു ദിനപ്പത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതിന്റെ വാസ്തവം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ചങ്ങനാശ്ശേരി വാഴൂർ റോഡിൽ മൈലാടിയിൽ നിൽക്കുന്ന ആഞ്ഞിലിമരം മുറിക്കുന്നതിന് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## ഫെൻസിംഗ് സ്ഥാപിക്കുന്നത്

**4541.** **ശ്രീ. ടി.ഐ.മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കർണ്ണാടക വനവുമായി അതിർത്തി പങ്കിടുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ വനാതിർത്തി മേഖലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമേ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ നിലവിൽ എത്ര മീറ്റർ നീളത്തിലാണ് ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## വന്യജീവി ആക്രമണം മൂലം അപകടം സംഭവിക്കുന്നവർക്കുള്ള ധനസഹായം

**4542.** **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആലത്തൂർ മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം മൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനം വകുപ്പ് നൽകി വരുന്ന ധനസഹായം നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും ഓരോരുത്തർക്കും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ?

## തോക്ക് ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷ

**4543.** **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായുള്ള തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വടകര താലൂക്കിൽ നിന്നും ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

## വന്യമൃഗ ആക്രമണത്തിന് നഷ്ടപരിഹാരം

**4544.** **ശ്രീ ഒ . ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ വന്യമൃഗാക്രമണത്തിൽ കാർഷിക വിളകൾ നശിച്ച കർഷകർക്കും മറ്റ് സ്വത്ത് വകകൾ നഷ്ടപ്പെട്ടവർക്കും എത്ര തുക നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

**4545.** **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര തുകയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം ഇല്ലാതാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ

**4546.** **ശ്രീ. ടി. പി .രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വന്യ മൃഗശല്യം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ

**4547.** **ശ്രീ എം രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ്, കണ്ണൂർ ജില്ലകളുടെ അതിർത്തി പങ്കിടുന്ന പാലാവയലിലും അനുബന്ധ വില്ലേജുകളിലും തുടർച്ചയായി ഉണ്ടാകുന്ന വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം

**4548.** **ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി, ബാളാൽ ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ വന്യജീവി ആക്രമണത്തിൽ കൃഷി

നാശമുണ്ടായവരിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കാമോ?

## പാമ്പ് കടിയേറ്റവർക്കുള്ള ചികിത്സാ സഹായം

**4549.** **ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാമ്പ് കടിയേറ്റ് ചികിത്സ ചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് വനം വകുപ്പ് ലഭ്യമാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

**4550.** **ശ്രീ എം രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്ക് പറ്റുന്നവർക്കും സ്വത്ത് വകകൾ നഷ്ടപ്പെടുന്നവർക്കും ഇപ്പോൾ നഷ്ടപരിഹാരമായി എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണം ചെറുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന വിവരം ലഭ്യമാക്കാമോ?

## കാട്ടുപന്നികളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച്

**4551.** **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരളത്തിലെ കർഷകർക്ക് നഷ്ടം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് വകുപ്പ് പുതിയ മാർഗ്ഗനിർദേശം പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് സംസ്ഥാനത്ത് വനം വകുപ്പ് കർഷകർക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം

**4552.** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്,മുണ്ടക്കയം,എരുമേലി എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കിടങ്ങ്, സോളാർവേലി, ജൈവവേലി തുടങ്ങിയ മൾട്ടി ഫെൻസിങ് സമ്പ്രദായം ഉപയോഗിച്ച് വനഭൂമിയും കൃഷി ഭൂമിയും പൂർണമായും വേർതിരിച്ച് വന്യമൃഗങ്ങൾ

കൃഷി ഭൂമിയിലേക്ക് കടന്ന് കൃഷി , ജീവൻ, സ്വത്ത് എന്നിവക്ക് നാശവും വരുത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) വന്യമൃഗശല്യം മൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരം കാലവിളംബം കൂടാതെ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ജലവിഭവ വിവര സംവിധാനം</u>

**4553.** **ശ്രീ. ഇ കെ വിജയൻ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ പി എസ് സുപാൽ**

**ശ്രീ. സി.സി. മുകുന്ദൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലവിഭവ വിവര സംവിധാനം ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരള ജലവിഭവ വിവര സംവിധാനം എന്ന പേരിൽ ഒരു വെബ് എനേബിൾഡ് പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ സഹായത്തോടെ ജല ലഭ്യത, ജലത്തിന്റെ ആവശ്യകത എന്നിവ സമഗ്രമായി പരിശോധിച്ച് വാട്ടർ ബജറ്റിംഗ് ഉൾപ്പെടെയുള്ള ജലവിഭവ മാനേജ്മെൻറ് നടപ്പിലാക്കുന്നതിന് കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) വെള്ളപ്പൊക്ക പ്രവചനവും മുന്നറിയിപ്പും ഉൾപ്പെടെയുള്ള ജലവിഭവ തൽസ്ഥിതി പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധാരണം</u>

**4554.** **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 13.04.2022 ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; എങ്കിൽ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽ പരാമർശിച്ച സ്ഥലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് വേണ്ടി വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം

**4555.** **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ഡോ സുജിത് വിജയൻപിള്ള**

**ശ്രീമതി യു പ്രതിഭ**

**ശ്രീ. പി.വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണ ബോധവൽക്കരണം എന്നീ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന് ദേശീയ ജലപുരസ്കാരം ലഭിച്ചിരുന്നുവോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പരിപാടി എത്രത്തോളം വിജയകരമാക്കാൻ സാധിച്ചുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജല സംരക്ഷണത്തിന് ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

## തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് നടപടി

**4556.** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) നദികളുമായി ബന്ധപ്പെട്ട തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനും ഇവയുടെ കയ്യേറ്റം തടയുന്നതിനും കൈയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## ജലസേചന പദ്ധതികളുടെ പൂർത്തീകരണം

**4557.** **ശ്രീ കെ യു ജനീഷ് കുമാർ**

**ഡോ.കെ.ടി.ജലീൽ**

**ശ്രീ ഡി കെ മുരളി**

**ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും പദ്ധതികളിലൂടെ

ലക്ഷ്യമിടുന്ന നേട്ടം എന്താണെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഭൂഗർഭ ജല റീചാർജ്ജിംഗിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇത് വഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

## നീരൊഴുക്ക് നിലച്ചതിനെതിരെ നടപടി

**4558.** **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീമതി.ഉമ തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽവേപാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണാവശിഷ്ടങ്ങളും പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) നീരൊഴുക്ക് നിലച്ചത് കാരണം കൊച്ചി കോർപ്പറേഷൻ പരിധിയിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(സി) റെയിൽവേ പാതയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കമ്പനികൾ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തോണിക്കടവ് ടൂറിസം പദ്ധതി

**4559.** **ശ്രീ. കെ.എം.സച്ചിൻദേവ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോഴിക്കോട് ജില്ലയിലെ തോണിക്കടവ് ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) തോണിക്കടവിലെ ഹാർട്ട് ഐലന്റ് വികസനത്തിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡി.പി.ആറിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്നറിയിക്കാമോ;

(സി) ഇറിഗേഷന്റെ കൈവശമുള്ള തോണിക്കടവ് ഹാർട്ട് ഐലന്റ് വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

## തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ പദ്ധതി

**4560.** **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പ്രളയത്തിന്റെ അനന്തരഫലമായി കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ വേമ്പനാട് കായലിൽ അടിഞ്ഞ എക്കലും ചെളിയും കായലിന്റെ ജലസംഭരണശേഷി കുറച്ചത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയതിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി തടസ്സരഹിതമായ നീരൊഴുക്ക് സാധ്യമാക്കാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ മേല്പറഞ്ഞ പദ്ധതികളുടെ പോരായ്മകൾ സമഗ്രമായി വിലയിരുത്തി പ്രസ്തുത മേഖലയിലെ നീരൊഴുക്ക് പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>കൊല്ലം നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ</u>

**4561.** **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊല്ലം മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നതിനായി 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിലെ നൂകട്ട് ജലസേചന പദ്ധതി</u>

**4562.** **ശ്രീ. കെ. പി. എ. മജീദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരൂരങ്ങാടി മണ്ഡലത്തിൽ നൂകട്ട് ജലസേചന പദ്ധതി നടപ്പിലാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ തിരൂരങ്ങാടി, വള്ളിക്കുന്ന്, താനൂർ എന്നീ മണ്ഡലങ്ങളിലെ എത്ര കുടുംബങ്ങൾക്കും കൃഷിക്കും ജലം ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ</u>

**4563.** **ശ്രീ. വി. ആർ. സുനിൽകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊടുങ്ങല്ലൂർ മണ്ഡലത്തിൽ

ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയതും അനുമതി നൽകിയതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ

**4564.** **ശ്രീ. അബ്ദുൽ ഹമീദ് പി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുരോഗമിച്ചു വരുന്ന പ്രധാനപ്പെട്ട മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

**4565.** **ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരവും തുകയും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം നൽകുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ മേജർ-മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

**4566.** **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22, 2022-23 വർഷങ്ങളിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ഏതെല്ലാം മേജർ-മൈനർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവ ഏതെന്നും അവയുടെ നിർവ്വഹണ പുരോഗതി എന്തെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം പുഴയിൽ പാർശ്വ സംരക്ഷണ ഭിത്തി

**4567.** **ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മഞ്ചേശ്വരം പുഴയിൽ പൊയ്യക്കണ്ട എന്ന സ്ഥലത്ത് പാർശ്വ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടത് ആവശ്യമാണെന്നുള്ള ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് മഞ്ചേശ്വരം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കടലുണ്ടി പുഴയുടെ തീരങ്ങളിൽ സംരക്ഷണഭിത്തി

**4568.** **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം മണ്ഡലത്തിൽ 2018-ലെ പ്രളയത്തിനുശേഷം കടലുണ്ടിപ്പുഴയുടെ തീരങ്ങളിലെ സംരക്ഷണഭിത്തി നിർമ്മാണത്തിനായുള്ള വിവിധ പ്രവൃത്തികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും അവയിൽ പൂർത്തിയായതും ഇനി പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ എതെല്ലാം എന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) എസ്റ്റിമേറ്റ് തയാറാക്കി അംഗീകാരത്തിന് സമർപ്പിച്ച പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം നഗരസഭയിൽ അപകടാവസ്ഥയിലുള്ള താമരക്കുഴി, പാണക്കാട് ആറുവെട്ടി കടവ് എന്നിവയ്ക്ക് മുൻഗണന നൽകി ഫണ്ട് അനുവദിക്കുമോ?

## പൈങ്കണ്ണൂർ തോട് നവീകരണം

**4569.** **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്ന് പോകുന്ന തോടിന്റെ ഇരുകരകളിലും സംരക്ഷണ ഭിത്തി കെട്ടുന്നതിനും, തോടിന്റെ ഇരുകരകളിലുമുള്ള പാടശേഖരങ്ങളിൽ കാർഷിക ആവശ്യത്തിന് വെള്ളമെത്തിക്കുന്നതിനും, പഴയ വി.സി.ബി കൾ നവീകരിക്കുന്നതിനും, പുതിയവ നിർമ്മിക്കുന്നതിനും, തോടിന്റെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുമായി തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള ഫയലിന്റെ നമ്പർ സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് പദ്ധതി

**4570.** **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016 മുതൽ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ;

(ബി) നിലവിൽ ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലാശയങ്ങളുടെ പുനരുജ്ജീവനം

**4571.** **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിത കേരളം മിഷനിലൂടെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ജലാശയങ്ങളെയാണ് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഓപ്പറേഷൻ വാഹിനി പദ്ധതി

**4572.** **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വൈപ്പിൻ മണ്ഡലത്തിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കിയ ജലാശയങ്ങൾ ഏതെല്ലാമെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ജലാശയങ്ങൾ വൃത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മഞ്ഞപ്പുഴ-രാമൻ പുഴ സംരക്ഷണം

**4573.** **ശ്രീ. കെ.എം.സച്ചിൻദേവ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ-രാമൻ പുഴ സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) നിലവിൽ മഞ്ഞപ്പുഴ സംരക്ഷണത്തിനായി നടത്തിവരുന്ന പ്രവൃത്തികൾ കാർഷികാവശ്യത്തിനുള്ള ജല വിതരണത്തിനാണോ പ്രാധാന്യം കൊടുത്തിരിക്കുന്നത്;

(സി) പ്രസ്തുത പുഴയുടെ സംരക്ഷണത്തിനായി സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പുഴ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണം, ടൂറിസം തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

## തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി

**4574.** **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ നദികളും, മറ്റ് ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്ന പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) തിരൂർ പുഴ മാലിന്യമുക്തമാക്കി നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ?

## സമഗ്ര നദീസംരക്ഷണ വികസന പദ്ധതി

**4575.** **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വേനൽക്കാലങ്ങളിൽ സംസ്ഥാനത്തെ മിക്കവാറും നദികൾ ഒഴുക്ക് കുറഞ്ഞ് സ്വാഭാവികമായ നീരൊഴുക്കുപോലും ഇല്ലാത്ത ഗുരുതരമായ അവസ്ഥയിലേക്ക് പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്ന നദികളുടെ പുനരുജ്ജീവനത്തിനായി സമഗ്ര നദീസംരക്ഷണ വികസന പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചെളിയും മണ്ണും അടിഞ്ഞു കൂടുന്നതു മൂലം അണക്കെട്ടുകളിലെ ആഴം കുറഞ്ഞ് ജല സംഭരണ ശേഷി കുറയുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സമഗ്ര നദീ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ചാലക്കുടി പുഴ സംരക്ഷണം

**4576.** **ശ്രീ. സനീഷ്കുമാർ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചാലക്കുടി പുഴയുടെ തീരങ്ങളിലെ പ്രളയ സാധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി പുഴയുടെ ഇരുവശങ്ങളിലെയും മണ്ണിടിച്ചിൽ തടഞ്ഞ് തീരം സംരക്ഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പുഴയുടെ പ്രഭവ സ്ഥാനം മുതൽ കടലിൽ പുഴ പതിക്കുന്നതുവരെയുള്ള ഭാഗം വരെ ഒറ്റ യൂണിറ്റായി പരിഗണിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

## പമ്പ, കല്ലട ഇറിഗേഷൻ പ്രോജക്ടുകൾ

**4577.** **ശ്രീ എം എസ് അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പമ്പ, കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ കനാലുകൾ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലദൗർലഭ്യമുണ്ടാകുന്ന കാലങ്ങളിൽ മാവേലിക്കര മണ്ഡലത്തിലെ കർഷകർ പ്രസ്തുത കനാലുകളെയാണ് ആശ്രയിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.ഐ.പി., കെ.ഐ.പി. കനാലുകൾ പുനരുദ്ധരിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## കോട്ടത്തോടിന്റെ പുനരുദ്ധാരണം

**4578.** **ശ്രീ എം എസ് അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മാവേലിക്കര മണ്ഡലത്തിൽ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും മലിനീകരണം തടയുന്നതിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## <u>പെരിയാർവാലി കനാലിന്റെ അറ്റകുറ്റപ്പണികൾ</u>

**4579.** **ശ്രീ. പി.വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴവന്നൂർ പഞ്ചായത്തിൽ പെരിയാർവാലി കനാലിലെ എ.വി.റ്റി കനാൽ ഭാഗം ഇടിഞ്ഞ് കിടക്കുന്നതിനാൽ ജലവിതരണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗത്തിന്റെ അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ, വ്യക്തമാക്കാമോ;

(സി) പ്രസ്തുത കനാലിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കർഷകരുടെ ഭൂമി</u>

**4580.** **ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വെള്ളായണി കായലിലെ ജലവിതാനത്തിൽ അകപ്പെട്ട കൃഷി ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഒരു സെന്റിന് എത്ര രൂപയാണ് നിശ്ചയിച്ചതെന്നും അത് വളരെ കുറഞ്ഞ തുകയാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ന്യായമായ തുക അനുവദിക്കുമോ; വർഷങ്ങളായി ദുരിതം അനുഭവിക്കുന്ന കർഷകരുടെ ഭൂമി എന്നത്തേക്ക് എറ്റെടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>വള്ളിക്കുന്ന് മണ്ഡലത്തിൽ ഹരിത കേരള മിഷൻ മുഖേനയുള്ള പ്രവൃത്തികൾ</u>

**4581.** **ശ്രീ. അബ്ദുൽ ഹമീദ് പി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഹരിത കേരള മിഷൻ മുഖേന കുളങ്ങളും മറ്റും നവീകരിക്കുന്ന പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

**4582.** **ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, ഇടമലയാർ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാധ്യത ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് അനന്തമായ ടൂറിസം സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം-ഇലക്ട്രിസിറ്റി വകുപ്പുകളുമായി ചേർന്ന് സംയുക്തമായി ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ചെല്ലൻകാവ് മിനിഡാം പുനർ നിർമ്മാണം

**4583.** **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി നിർമാണാനുമതി ലഭിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർ നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ?

## ഡാം പണിയുന്ന സ്ഥലങ്ങളുടെ വിനോദ സഞ്ചാര സാധ്യത

**4584.** **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വിവിധ സ്ഥലങ്ങളിൽ ഡാം പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ കാടു പിടിച്ചു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളുടെ വിനോദ സഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏത് വകുപ്പ് മുഖാന്തരം ആണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(സി) ഇറിഗേഷൻ വകുപ്പിന് സ്വന്തമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്നറിയിക്കുമോ?

## നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ ചെളി നീക്കുന്ന പ്രവർത്തനങ്ങൾ

**4585.** **ശ്രീ. കെ. ബാബു (നെന്മാറ)**: താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിലെ ചെളി നീക്കുന്നതിനാണ് നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടം വരെയെത്തി എന്ന് വിശദമാക്കുമോ?

## മലമ്പുഴ ,വാളയാർ ഡാമുകളിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യൽ

4586. **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ എന്നീ ഡാമുകളിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, എന്നത്തേക്ക് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും എന്നീ വിവരങ്ങൾ നൽകാമോ?

## ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി

4587. **ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. മാണി. സി. കാപ്പൻ**

**ശ്രീ. പി. ജെ. ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ചെളിയും മണലും അടിഞ്ഞു കിടന്ന് ജല സംഭരണശേഷി നഷ്ടപ്പെട്ട് പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു;

(ബി) ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇവ നീക്കം ചെയ്യുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ?

## മുല്ലപ്പെരിയാറിലെ റോഡ് നിർമ്മാണം

4588. **ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മുല്ലപ്പെരിയാർ മേഖലയിലെ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കത്ത് എന്നാണ് ലഭിച്ചതെന്നും റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചു കൊള്ളാമെന്ന് കത്തിൽ അറിയിച്ചിരുന്നോയെന്നും ആരാണ് തമിഴ്നാട് സർക്കാരിന് വേണ്ടി കത്തയച്ചതെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ കാരണമായി എന്തൊക്കെ

കാര്യങ്ങളാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത കത്തിന്മേൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ തകർച്ചക്ക് കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) ഏറ്റവുമൊടുവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം നടത്തിയ തീയതി അറിയിക്കുമോ;

(ജി) പ്രസ്തുത റോഡ് നിർമ്മാണം നിർവ്വഹിക്കേണ്ടത് ഏത് ഓഫീസാണെന്നും ആരുടെയൊക്കെ അനുമതിയാണ് ആവശ്യമായി വരുന്നതെന്നും വ്യക്തമാക്കാമോ?

## കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പിലാക്കുന്ന ഡാം റിഹാബിലിറ്റേഷൻ ഇമ്പ്രൂവ്മെന്റ് പ്രോജക്ട്

**4589.** **ശ്രീമതി ശാന്തകുമാരി കെ.:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഡാം റിഹാബിലിറ്റേഷൻ ആൻറ് ഇമ്പ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിടനാട്പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം

**4590.** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട് പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കരുവന്നൂർ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി

**4591.** **ശ്രീ. കെ.കെ. രാമചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 കൊക്കിരി പള്ളം ദേശത്ത് വ്യാപകമായി ഇടിഞ്ഞ കരുവന്നൂർ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ചാലിയാർ പുഴയുടെ തീര സംരക്ഷണം

**4592.** **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി

പറയാമോ?

( എ) കഴിഞ്ഞ രണ്ട് പ്രളയങ്ങൾക്ക് ശേഷം ചാലിയാർ പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് തീരത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലിയാർ പുഴയുടെയും കൈത്തോടുകളുടെയും തീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(സി) ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി എം.എൽ.എ. മുഖേന നല്കിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കടൽത്തീര സംരക്ഷണം

**4593.** **ശ്രീ ഇ ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കടൽത്തീര സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സുസ്ഥിര തീരസംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിനായി പഠനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആർ.എം.പി. തോടിന്റെ സംരക്ഷണം

**4594.** **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ആർ.എം.പി. തോടിൽ തോന്നിപാലം മുതൽ മാലിപ്പുറം ബീച്ച് റോഡ് വരെ പാർശ്വഭിത്തി കെട്ടുന്നതിനും ആഴം കൂട്ടുന്നതിനുമുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലം വർദ്ധിച്ചു വരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻ കരയിലെ പ്രധാനപ്പെട്ട ആർ.എം.പി. തോടിന്റെ സംരക്ഷണത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

## ആയാംകുടി മാത്താംകരി നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട്

**4595.** **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ, ബി ബ്ലോക്ക് നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് 17.05.2022 ൽ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

**4596.** **ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാലവർഷം ആരംഭിച്ചതോടെ ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പദ്ധതി

**4597.** **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ 2020-21,2021-22 വർഷങ്ങളിൽ ഈ ഇനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

**4598.** **ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം

**4599.** **ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരദേശത്തെ പുലിമുട്ട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ്

**4600.** **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായുള്ള , കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുന്ന, അക്വാഡക്ടുകൾ ഉൾപ്പെടെയുള്ള ഏതൊക്കെ നിർമ്മാണങ്ങൾ തകരാറായിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) തകരാറിലായ ഇത്തരം നിർമ്മിതികൾ പൊതു ജനങ്ങളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ.

**4601.** **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷന്റെയും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെയും പൂർത്തീകരണവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വ്യക്തമാക്കാമോ;

(സി) പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

## റൂൾ കർവ്

**4602.** **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഉള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകളിൽ റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) റൂൾ കർവുകൾ ഇല്ലാത്ത ഡാമുകളിൽ ജലവിതാനം ക്രമീകരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത രീതി പ്രളയം പോലെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് പര്യാപ്തമാണോ;

(സി) പ്രളയമുണ്ടായപ്പോൾ അഭിമുഖീകരിച്ച പ്രതിസന്ധിയിൽ നിന്നും പാഠമുൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൊല്ലം മണ്ഡലത്തിലെ വൻകിട ജലസേചന പ്രവൃത്തികൾ

**4603.** **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊല്ലം മണ്ഡലത്തിൽ 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വൻകിട ജലസേചന വിഭാഗത്തിന്റെ പ്രവൃത്തികൾ ഏതെല്ലാം; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ സ്ലൂയീസ്-കം- ബ്രിഡ്ജ് പദ്ധതി**

**4604.** **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽ കടവ് സ്ലൂയീസ്-കം- ബ്രിഡ്ജ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി എന്ന് വരെയായിരുന്നുയെന്നും ഇത് നീട്ടി നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) കരാറുകാരന്റെ അനാസ്ഥമൂലമാണോ കാലതാമസം ഉണ്ടായത്; എങ്കിൽ കരാറുകാരനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**തോട് സൈഡ് കെട്ടലും വിസിബി നിർമ്മാണവും**

**4605.** **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെട്ടിയാം കുണ്ട് - മാപ്പിളായ വിസിബി നിർമ്മാണം, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്- പങ്ങാടിച്ചിറ തോട് സൈഡ് കെട്ടലും വിസിബി നിർമ്മാണവും, പൊന്മള പഞ്ചായത്തിലെ പെരിങ്ങൽച്ചിറ വിസിബി നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഓരോ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ ഏത് ഓഫീസിൽ ആണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

**തിരുവമ്പാടി മണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ**

**4606.** **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22 സാമ്പത്തിക വർഷത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മേജർ-മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തിക**

**4607.** **ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) വകുപ്പിലെ ബ്ലൂ പ്രിന്റർ തസ്തിക അബോളിഷ് ചെയ്തിട്ടുള്ളതിനാൽ ആയതിൽ നിന്നും ട്രേസർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നികത്തിയിരുന്ന ഒഴിവുകൾ ഇനി എപ്രകാരമാണ് നികത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇറിഗേഷൻ വകുപ്പിലെ ട്രേസർ തസ്തികയിലേക്ക് വകുപ്പുമായി ബന്ധപ്പെട്ടുള്ള ഓവർസിയർ ഗ്രേഡ്-III റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് നടത്തുന്നതിനുള്ള തടസം എന്താണെന്ന് അറിയിക്കാമോ;

(ഡി) ട്രേസർ തസ്തികയിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി (ഫയൽ നമ്പർ ഉൾപ്പെടെ) ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>ഇറിഗേഷൻ വകുപ്പിലെ ഒഴിവുകൾ</u>

**4608.** **ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇറിഗേഷൻ വകുപ്പിലെ ഡിവിഷനുകളിൽ നിന്ന് ലഭിക്കുന്ന ഓവർസിയർGr III (സിവിൽ) തസ്തികയിലെ ഒഴിവുകളുടെ എണ്ണവും സംസ്ഥാന ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അതേ ഡിവിഷനിലെ ഒഴിവുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഓവർസിയർGr III (സിവിൽ)എണ്ണവും തമ്മിൽ അന്തരം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വകുപ്പിൽ സിവിൽ വിഭാഗത്തിൽ സി.ഇ., എസ്.ഇ., ഇ.ഇ., എ.ഇ.ഇ., എ.ഇ., ഓവർസിയർ ഗ്രേഡ്- I, II, III എന്നീ തസ്തികകളിൽ പ്രൊമോഷൻ വഴിയോ നേരിട്ടുള്ള നിയമനം വഴിയോ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

## <u>നാദാപുരത്തെ ഇറിഗേഷൻ വകുപ്പിന്റെ ഭൂമി പാട്ട കരാർ വ്യവസ്ഥയിൽ നൽകുന്നതിന് നടപടി</u>

**4609.** **ശ്രീ. ഇ കെ വിജയൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉള്ള ഭൂമി പുറമ്പോക്ക് ഭൂമിയെന്ന് തെറ്റിദ്ധരിച്ച് പഞ്ചായത്ത് നിർമ്മിച്ചതും എന്നാൽ തൊട്ടടുത്തുള്ള കനാൽ മലിനീകരിക്കപ്പെടുമെന്നതിനാൽ പൊളിച്ച് മാറ്റാൻ വകുപ്പ് ഉത്തരവിടുകയും ചെയ്ത മത്സ്യ മാർക്കറ്റ് കെട്ടിടം പാട്ട കരാർ വ്യവസ്ഥയിൽ പകൽ വീടായി പരിവർത്തനം നടത്തുവാൻ വേണ്ടി ഗ്രാമ പഞ്ചായത്ത് തന്നിട്ടുള്ള അപേക്ഷയിന്മേൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽ നിന്ന് പാട്ട കരാർ വ്യവസ്ഥയിൽ പഞ്ചായത്ത് വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഗ്രാമീണ മേഖലകളിലെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം</u>

**4610.** **ഡോ. എം.കെ . മുനീർ**

**ശ്രീ .പി. കെ. ബഷീർ**

**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഗ്രാമീണ മേഖലകളിലെ കിണറുകളടക്കമുള്ള ജലസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഗുണനിലവാര പരിശോധനയിൽ എന്തെല്ലാം കുറവുകളാണ് കണ്ടെത്തിയിരിക്കുന്നത്;

(സി) പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇവയ്ക്ക് എന്തെല്ലാം പ്രതിവിധികളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ

**4611.** **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ അതിർത്തി സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(സി) സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കുമോ?

## മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള ഭൂമി

**4612.** **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ എത്ര ഭൂമിയുണ്ടെന്നും എവിടെയെല്ലാമാണെന്നും അറിയിക്കാമോ; അതിൽ എത്ര ഭൂമി ഉപയോഗിച്ചിട്ടുണ്ടെന്നും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയുടെ അളവും അറിയിക്കാമോ; എവിടെയെല്ലാമാണ് ഭൂമി ബാക്കിയുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭൂമി ആവശ്യമായി വരുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ?

## ഭൂഗർഭ ജല നിരപ്പ്

**4613.** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ചൂഷണം മൂലം ഭൂഗർഭ ജല നിരപ്പ് ക്രമാതീതമായി

താഴ്ന്നവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജലനിരപ്പ് സന്തുലിതാവസ്ഥയിൽ എത്തിക്കാനായി ഇതര വകുപ്പുകളുമായി സംയുക്തമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ഭൂഗർഭ ജലവിഭവം

**4614.** **ശ്രീ . ടി. വി. ഇബ്രാഹിം**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. യു.എ.ലത്തീഫ്**

**ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് ഭൂഗർഭ ജല വിഭവത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അമിതമായി ഭൂഗർഭ ജലചൂഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജല നിലവാരം നിശ്ചിത അളവിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## ആലപ്പുഴ കുടിവെള്ള പദ്ധതി

**4615.** **ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുമാടി മുതലുള്ള പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തികൾ നിലച്ചതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ

**4616.** **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മങ്കട മണ്ഡലത്തിൽ 2011-16, 2016-21 കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷവും ഏതെല്ലാം പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നുവെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) അനുവദിച്ച തുക ഉപയോഗിച്ച് പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പുതിയ പ്രൊപ്പോസലുകൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും

ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

## മലിനജല ശുദ്ധീകരണ പ്ലാന്റുകൾ

**4617.** **ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ്**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് നദീതീരങ്ങളും തീരപ്രദേശങ്ങളും മലിനമാകുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ ദേശീയ ഹരിത ട്രിബ്യൂണൽ നിബന്ധനകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മലിനജല നിയന്ത്രണത്തിന്റെ ഭാഗമായി ജല അതോറിറ്റി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പുതുതായി മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

## ജല ഗുണനിലവാര പരിശോധന

**4618.** **ശ്രീ എം രാജഗോപാലൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് ജല ഗുണനിലവാര പരിശോധന വ്യാപകവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; സ്കൂൾ ലാബുകളിൽ പരിശോധന സംവിധാനം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ജല മലിനീകരണം ഒഴിവാക്കി നദികളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

**4619.** **ശ്രീ ഡി കെ മുരളി**: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ കുപ്പിവെള്ള വിതരണത്തിനായി അരുവിക്കരയിൽ സ്ഥാപിച്ച പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുപ്പിവെള്ളം എത്ര രൂപയ്ക്കാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ?

## പെരിയാർവാലി കനാലിലെ സ്വീവേജ് പൈപ്പുകൾ

**4620.** **ശ്രീ. പി.വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ പെരിയാർവാലി കനാലിന് കുറുകെ കിറ്റെക്സ് കമ്പനി അനധികൃതമായി സ്ഥാപിച്ച സ്വീവേജ് പൈപ്പുകൾ നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## മണലൂർ ഏനാമാക്കൽ അപ്രോച്ച് റോഡ്

**4621.** **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റോഡിന്റെ അപ്രോച്ച് റോഡ് ഒരു കിലോമീറ്റർ ദൂരത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ളതാണോയെന്ന് അറിയിക്കാമോ;

(ബി) അമൃത് പദ്ധതിക്കായുള്ള പൈപ്പിടലും കാലവർഷക്കെടുതിയും മൂലം തകർന്ന പ്രസ്തുത റോഡിലൂടെ വാഹനങ്ങൾക്കും കാൽനടക്കാർക്കും കടന്നുപോകുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് അവസാനമായി പുനരുദ്ധാരണം നടത്തിയതെന്നാണെന്ന് അറിയിക്കാമോ;

(ഡി) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ തകർന്ന ഈ ഭാഗം ഗതാഗത യോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## മലപ്പുറം ജില്ലയിലെ ജല ഗുണനിലവാര പരിശോധന

**4622.** **ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം ജില്ലയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി സർക്കാർ സംവിധാനങ്ങൾ ഉള്ളത് എവിടെയെല്ലാം; ജില്ലയിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രസ്തുത പരിശോധനയ്ക്കായി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ പേരും വിലാസവും അറിയിക്കാമോ;

(ബി) ജില്ലയിൽ മറ്റ് വകുപ്പുകളുമായോ പദ്ധതികളുമായോ സഹകരിച്ച് ഏതെങ്കിലും സർക്കാർ സ്കൂളുകളിലെ ലാബുകളിൽ ജല പരിശോധന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(സി) നിലമ്പൂർ മണ്ഡലത്തിൽ ജല പരിശോധന ലാബ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതിനായി ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും ആരാണ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതെന്നും അറിയിക്കാമോ; പ്രസ്തുത ലാബ് ആരംഭിക്കുന്നതിന് നിലമ്പൂരിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ചില മലയോര പ്രദേശങ്ങളിൽ വൃക്കരോഗവും അർബുദവും ക്രമാതീതമായി കാണപ്പെടുന്നതിൽ ജല അതോറിറ്റി വിശദമായ പഠനം നടത്തുമോ; പ്രസ്തുത മേഖലകളിൽ സമഗ്ര ജല പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

4623. **ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇരിക്കൂർ മണ്ഡലത്തിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**നീലേശ്വരം പാലായിയിൽ കുടിവെള്ള പദ്ധതി**

4624. **ശ്രീ എം രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഭാഗത്ത് ശുദ്ധ ജലം ലഭിക്കുന്നതിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ?

**മഴവെള്ള കൊയ്ത്ത് പദ്ധതി**

4625. **ശ്രീ. എ.എൻ.ഷംസീർ**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച മഴവെള്ള കൊയ്ത്ത് പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വാസസ്ഥലങ്ങളിലും സ്കൂളുകളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കിണറുകൾ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

4626. **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി

പറയാമോ?

( എ) കുടിവെള്ള ലഭ്യത കുറവായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ജലജീവൻ പദ്ധതിക്കായി റോഡ് കുഴിക്കാൻ അനുമതി

**4627.** **ഡോ. എൻ. ജയരാജ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ദേശീയപാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനും മറ്റും എം.ഒ.ആർ.റ്റി.എച്ച്. അനുമതി നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സം നീക്കി 2024-ൽ അവസാനിക്കുന്ന പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിന് എം.ഒ.ആർ.റ്റി.എച്ച്. അധികൃതരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

**4628.** **ശ്രീ വി ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതിനായി ചെലവഴിച്ച തുകയും അവയുടെ പുരോഗതിയും വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

**4629.** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നത്; പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ കോയിപ്രം-പുറമറ്റം കുടിവെള്ള പദ്ധതി

**4630.** **ശ്രീ മാത്യു ടി. തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരുവല്ല മണ്ഡലത്തിലെ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ,

തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി ജല ശുദ്ധീകരണ പദ്ധതിയ്ക്കായി കോയിപ്രം വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അവാർഡ് തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

**4631.** **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിതരണശൃംഖല പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

**4632.** **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുളവുകാട്, പനമ്പുകാട് ദ്വീപുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 60.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 08.04.2022-ന് ജലവിഭവ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ അമൃത് പദ്ധതി

**4633.** **ശ്രീ. യു.എ.ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അമൃത് പദ്ധതി പ്രകാരം മഞ്ചേരി മണ്ഡലത്തിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വിശദമാക്കുമോ?

## ജലജീവൻ പദ്ധതിയിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ

**4634.** **ശ്രീ എം രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലജീവൻ പദ്ധതിയിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം പൈപ്പ്

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ?

## അരുവിക്കര ഡാമിന്റെ സംഭരണ ശേഷി

**4635.** **ശ്രീ. വി. ആർ. സുനിൽകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മണ്ണും മണലും ചെളിയും അടിഞ്ഞുകൂടിയത് കാരണം അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംഭരണ ശേഷി പുനഃസ്ഥാപിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## ഇടുക്കി ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

**4636.** **ശ്രീ. വാഴൂർ സോമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇടുക്കി ജില്ലയിൽ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പീരുമേട് ഡിവിഷന് കീഴിൽ കുമളിയിൽ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കാമോ;

(സി) സംസ്ഥാനത്ത് ജലജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്;

(ഡി) ഇടുക്കി ജില്ലയിൽ ജലജീവൻ മിഷന്റെ കീഴിൽ എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇടുക്കി ജില്ലയിൽ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## ഗാർഹിക കുടിവെള്ള താരിഫ്

**4637.** **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഗാർഹിക ആവശ്യങ്ങൾക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ;

(ബി) ഗാർഹിക കണക്ഷൻ എടുക്കുകയും എന്നാൽ വെള്ളം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ഉപഭോക്താക്കൾ എത്ര രൂപ വീതമാണ് അടക്കേണ്ടത്;

(സി) വാട്ടർ അതോറിറ്റി ഈടാക്കുന്ന മിനിമം ചാർജ് എത്രയാണ്;

(ഡി) കുടിവെള്ളം തീരെ ഉപയോഗിക്കാത്ത ഉപഭോക്താക്കളിൽ നിന്ന് കൂടുതൽ തുക ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

**വൻകിട ഉപഭോക്താക്കളുടെ കുടിശിക പിരിച്ചെടുക്കാൻ നടപടി**

**4638.** **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീമതി.ഉമ തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ വൻകിട ഉപഭോക്താക്കളിൽ നിന്നും എത്ര തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഡ്രെയിനേജ് കണക്ഷൻ എടുത്തിട്ടില്ലാത്ത ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വാട്ടർ അതോറിറ്റി ഡ്രെയിനേജ് ചാർജ്ജിനത്തിൽ വർഷങ്ങളായി തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഗാർഹിക ഉപഭോക്താക്കളിൽ നിന്നും തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**റോഡുകളിൽ പൈപ്പ് സ്ഥാപിക്കാനുണ്ടാക്കിയ കുഴികൾ അടയ്ക്കാൻ നടപടി**

**4639.** **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) റോഡുകളിൽ പൈപ്പ് ഇടാൻ കുഴിയെടുക്കുമ്പോൾ തന്നെ കുഴി അടച്ച് റോഡ് പൂർവ്വ സ്ഥിതിയിലെത്തിക്കാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുമോ;

(ബി) വാട്ടർ അതോറിറ്റി തന്നെ നേരിട്ട് കുഴികൾ അടയ്ക്കുവാൻ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

**4640.** **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊണ്ടോട്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി/കിഫ്ബി/സ്റ്റേറ്റ് ഫണ്ട്/ജലജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ എത്ര പേർക്ക് കുടിവെള്ളം നൽകാൻ ലക്ഷ്യമിട്ടെന്നും ഇതിനകം എത്ര വീടുകളിൽ കുടിവെള്ളം നൽകി എന്നും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത്/ദേശീയപാത റോഡുകൾ വെട്ടിപ്പൊളിച്ചത് പുന:സ്ഥാപിക്കുന്നതിന് വലിയ തുക ചെലവ് വരുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ ടെണ്ടർ ആരും എടുക്കാത്തത് മൂലം പ്രവൃത്തി തുടങ്ങാൻ പറ്റാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ആയതിന്റെ ടെണ്ടർ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## പട്ടാമ്പി മണ്ഡലത്തിലെ പദ്ധതി നിർവ്വഹണം

**4641.** **ശ്രീ . മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വകുപ്പ് മന്ത്രി പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് അവലോകന യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ നടപടി കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം നൽകാമോ?

## മാങ്ങാട്ടിടം സമഗ്ര കുടിവെള്ള പദ്ധതി

**4642.** **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പാനൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി

**4643.** **ശ്രീ. കെ.പി.മോഹനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൂത്തുപറമ്പ് തലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പാനൂർ നഗരസഭയിൽ കുടിവെള്ളമെത്തിക്കാൻ ചൊക്ലി, കരിയാട്, കനകമല എന്നിവിടങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് നിലവിൽ തടസങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

## വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

4644. **ശ്രീ വി ജോയി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കുടിവെള്ള വിതരണം ശക്തിപ്പെടുത്തുന്നതിനായി വർക്കല മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പട്ടാമ്പി സമഗ്ര കുടിവെള്ള പദ്ധതി

4645. **ശ്രീ . മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നഗരസഭ പരിധിയിൽ സമഗ്ര കുടിവെള്ള വിതരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ജല വിതരണം നടത്തുന്ന പൈപ്പുകളുടെ കാലപ്പഴക്കം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പൈപ്പുകളിൽ കൂടിയുള്ള ജലവിതരണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനും അമൃത് പദ്ധതിയിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതി എന്ന് നടപ്പിലാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടാമ്പിയിലെ അമൃത് പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## കിഴക്കൻമല കുടിവെള്ള പദ്ധതി

4646. **ശ്രീ സി കെ ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കിഫ്ബി ധനസഹായത്തോടെ അനുമതി ലഭിച്ച പാറശ്ശാല മണ്ഡലത്തിലെ കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) 2017-18 ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ

4647. **ശ്രീ . എൻ . ഷംസുദ്ദീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് /

മുനിസിപ്പൽ മേഖലകളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മത്സ്യഫെഡിലെ നിയമനങ്ങൾ

**4648.** **ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016 ഓഗസ്റ്റ് മാസം മുതൽ നാളിതുവരെ മത്സ്യഫെഡിൽ നടത്തിയിട്ടുള്ള ആകെ നിയമനങ്ങൾ എത്രയാണെന്നുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ സ്ഥിരം നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും എത്ര വീതം ആണെന്ന് അറിയിക്കുമോ; ഇവരുടെ ശമ്പള നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മത്സ്യഫെഡിൽ നിയമനങ്ങൾ നടത്തുമ്പോൾ പാലിച്ചിരിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്;

(ഡി) ഈ നിബന്ധനകൾ എല്ലാം പാലിച്ച് കൊണ്ടാണോ മത്സ്യഫെഡിലെ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## ട്രോളിംഗ് കാലയളവിലെ മത്സ്യബന്ധനം

**4649.** **ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ. അബ്ദുൽ ഹമീദ് പി**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. യു.എ.ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ട്രോളിംഗ് കാലയളവിൽ യന്ത്രവൽകൃത ബോട്ടുകൾ കൊല്ലി വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

## തീരദേശ സമഗ്ര വികസനത്തിനായുള്ള നടപടികൾ

**4650.** **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച അയ്യായിരം

കോടി രൂപയുടെ പാക്കേജുകളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഓഖി ദുരന്ത പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്ര വികസനം സംബന്ധിച്ച് പഠനം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസി ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓഖി ദുരന്ത പശ്ചാത്തലത്തിലുള്ള പാക്കേജ് പ്രകാരം ഏതൊക്കെ പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ചും വിശദാംശം നൽകുമോ?

## അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

**4651.** **ശ്രീ. റോജി എം. ജോൺ**

**ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീ സി ആർ മഹേഷ്**

**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി നടപ്പിലാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമമാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അന്തിപ്പച്ച യൂണിറ്റുകളുടെ കണക്കുകൾ ഓഡിറ്റ് വിഭാഗം സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## അന്തിപച്ച യൂണിറ്റുകളുടെ പ്രവർത്തനം

**4652.** **ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. സനീഷ്കുമാർ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) അന്തിപ്പച്ച യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് താല്ക്കാലിക ജീവനക്കാരെ നിയമിച്ചത് സർക്കാരിന്റെ പരാജയമാണെന്ന ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്തിപ്പച്ച യൂണിറ്റുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ അവലോകന യോഗങ്ങൾ ചേരുന്നതിനും വരവ് ചെലവ് കണക്കുകളും ബാങ്ക് ഇടപാടുകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നതിനുമായി നടപ്പിലാക്കിയിരിക്കുന്ന സംവിധാനങ്ങൾ വ്യക്തമാക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിൽ ഫ്രഷ് ഫിഷ് ഔട്ട് ലെറ്റുകൾ

**4653.** **ശ്രീ. കെ.പി.മോഹനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യഫെഡ് സഹകരണ സംഘങ്ങളുമായി ചേർന്നുകൊണ്ട് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഫ്രഷ് ഫിഷ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ബി) ശുദ്ധമായ പച്ച മത്സ്യം ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നതിനുള്ള അന്തിപ്പച്ച യൂണിറ്റുകൾ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

## മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന

**4654.** **ശ്രീ . എൻ . ഷംസുദ്ദീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ അടുത്ത കാലങ്ങളിൽ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യങ്ങൾ പല സ്ഥലത്ത് നിന്നും പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന മത്സ്യം അതിർത്തി ചെക്ക്പോസ്റ്റുകളിൽ തന്നെ പരിശോധിക്കുവാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

## മലപ്പുറം ജില്ലയിലെ ഓൺലൈൻ മത്സ്യവ്യാപാരം

**4655.** **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മലപ്പുറം ജില്ലയിൽ മത്സ്യഫെഡ് വഴി ഓൺലൈൻ മത്സ്യവ്യാപാരം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിലെ ഗുണഭോക്താക്കളായ വ്യാപാരികളെ കണ്ടെത്തുന്നതെങ്ങനെയാണെന്നും ഇതുമൂലം എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് മത്സ്യഫെഡിന് കീഴിൽ ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുള്ളത്; ഇതിനായി നടത്തുന്ന പ്രവർത്തന പുരോഗതികൾ അറിയിക്കുമോ;

(ഡി) മലപ്പുറം മണ്ഡലത്തിൽ പുതിയ ഫിഷ് മാർട്ടുകൾ ആരംഭിക്കുമോ?

## മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി

**4656.** **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്,

ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലുണ്ടോ; എങ്കിൽ മത്സ്യഭവന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സർക്കാരിന്റെ മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി വിശദമാക്കാമോ?

## ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ

**4657.** **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**

**ശ്രീ പി എസ് സുപാൽ**

**ശ്രീ. സി.സി. മുകുന്ദൻ**

**ശ്രീ. ഇ കെ വിജയൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തനം വിശകലനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ ഫിഷറീസ് സ്കൂളുകൾക്ക് നിർണായകമായ സ്വാധീനം ചെലുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏതെല്ലാം മേഖലകളിലാണ് നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതെന്നും ഈ പരിശീലന പരിപാടിയിൽ മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടെയുള്ള വൊക്കേഷണൽ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ

**4658.** **ശ്രീ. അബ്ദുൽ ഹമീദ് പി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം രണ്ട് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങളുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരം കുടുംബങ്ങൾക്ക് അടിയന്തരമായി പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ പ്രദേശങ്ങളിൽ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ എത്ര കുടുംബങ്ങൾ കഴിയുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

## മത്സ്യത്തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന അധിക കെട്ടിടനികുതി

**4659.** **ശ്രീ. അബ്ദുൽ ഹമീദ് പി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിടനികുതി ഈടാക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ച്, നിലവിൽ ഈടാക്കുന്ന മൂന്നിരട്ടി കെട്ടിട നികുതി ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## മത്സ്യഗ്രാമങ്ങളിലെ ഇരട്ട വീടുകളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ

**4660.** **ശ്രീ. എൻ.കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിൽ ഇരട്ട വീടുകൾ ഉള്ള മത്സ്യത്തൊഴിലാളികളുടെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിലെ കാലപഴക്കംമൂലം തകർന്ന ഇരട്ട വീടുകളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മത്സ്യഗ്രാമങ്ങളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മത്സ്യത്തൊഴിലാളി ക്ഷേമം

**4661.** **ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് അമിത ജോലി ഭാരം മൂലമുണ്ടാകുന്ന തളർച്ച കാരണം അപകട മരണങ്ങൾക്ക് കാരണമാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മാനുഷികവും തൊഴിൽപരവുമായ അവസ്ഥ മെച്ചപ്പെടുത്തുവാൻ വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

## പ്രതിഭാതീരം പദ്ധതി

**4662.** **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തീരദേശ ലൈബ്രറികൾക്ക് അവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ചതും മത്സ്യബന്ധന വകുപ്പ് 28.10.2020-ന് ഭരണാനുമതി നൽകിയതുമായ പ്രതിഭാതീരം പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി ആയത് പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## <u>ജ്യോതിർഗമയ പദ്ധതി</u>

**4663.** **ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ജോതിർഗമയ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കോവിഡ് ലോക്ഡൗൺ കാലയളവിൽ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയാണോ പ്രസ്തുത പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനത്തിനായുള്ള തീരോന്നതി പദ്ധതിക്കായി അനുവദിക്കപ്പെട്ടിരുന്ന തുകയിൽനിന്നും ചെലവാക്കുവാൻ കഴിയാതിരുന്ന തുകയ്ക്ക് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണോ ജ്യോതിർഗമയ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളി വിഭാഗക്കാരായ എത്ര വിദ്യാർഥികളാണ് ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും അനുമതികൾ ലഭിക്കാത്തതുമൂലം പദ്ധതി തുടരാനാകാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) നിലവിലെ സാഹചര്യത്തിൽ പദ്ധതി തുടരുന്നതിന് തീരുമാനമെടുത്താൽപോലും, പുതിയ ടെൻഡർ വിളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാപ്ടോപ്പുകൾ വിതരണം ചെയ്യുമ്പോഴേക്കും അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളിൽ പലരും സ്കൂൾ പഠനം പൂർത്തിയാക്കിക്കഴിയുന്ന സ്ഥിതി ഉണ്ടാകും എന്ന് സർക്കാർ കരുതുന്നുണ്ടോ;

(ജി) എങ്കിൽ പിന്നാക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അടിയന്തരമായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## <u>മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ</u>

**4664.** **ശ്രീ വി ജോയി**

**ശ്രീ. പി.പി. ചിത്തരഞ്ജൻ**

**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യബന്ധനസമയത്ത് അപകടം നിറഞ്ഞ സാഹചര്യങ്ങൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അപകട സാഹചര്യങ്ങളിൽ ജീവൻ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) വെള്ളപ്പൊക്ക ദുരന്ത സാഹചര്യങ്ങളിൽ മത്സ്യത്തൊഴിലാളികൾ നൽകിവരുന്ന മഹത്തായ രക്ഷാപ്രവർത്തന സേവനങ്ങൾ പരിഗണിച്ച് തൊഴിലാളികളെ ഉൾപ്പെടുത്തി പ്രത്യേകമായ റെസ്ക്യൂ വിഭാഗം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

## മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ

**4665.** **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യവില്പനയും അനുബന്ധ തൊഴിലുകളും ചെയ്യുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി വകുപ്പ് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(ബി) മത്സ്യബന്ധന വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) മുഖേന തീരദേശ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ?

## മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ

**4666.** **ശ്രീ. പി.പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കടലിലെ മത്സ്യബന്ധനത്തിന് പുറമെ മറ്റിടങ്ങളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങളിൽ സർക്കാർ സഹായം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) അപകടങ്ങളിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ സഹായങ്ങളെ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

## ജ്യോതിർഗമയ പദ്ധതി

**4667.** **ശ്രീ . എൻ . ഷംസുദ്ദീൻ**

**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ജ്യോതിർഗമയ എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പും പ്ലാനിംഗ് ബോർഡും എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നോ;

(സി) പ്രസ്തുത പദ്ധതി മുഖേന വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ വിശദാംശം നൽകുമോ?

## <u>മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ</u>

**4668.** **ശ്രീ. യു.എ.ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റുന്നതിനായി ആസൂത്രിതവും ദീർഘകാല കാഴ്ചപ്പാടുള്ളതും പാരിസ്ഥിതികാവബോധത്തോടെയുമുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>കടലിൽ മത്സ്യലഭ്യതയുള്ള ഇടങ്ങൾ അറിയാൻ സംവിധാനം</u>

**4669.** **ശ്രീ എം വിൻസെൻറ്**

**ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ടി. ജെ. വിനോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാമുന്നറിയിപ്പ് നൽകുന്നതിനൊപ്പം കടലിൽ മത്സ്യ ലഭ്യതയുള്ള ഇടങ്ങൾ സംബന്ധിച്ച അറിവ് നല്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## <u>ബോട്ടുകളിലും വള്ളങ്ങളിലും ഇലക്ട്രിക്കൽ മോഡുലാർ കിറ്റുകൾ</u>

**4670.** **ശ്രീ ജി സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ബോട്ടുകളും വള്ളങ്ങളും പൂർണ്ണമായും ഡീസൽ വിമുക്തമാക്കി പുതിയ സാങ്കേതിക വിദ്യയായ ഇലക്ട്രിക്കൽ മോഡുലാർ കിറ്റുകൾ സ്ഥാപിച്ച് മലിനീകരണ തോതും, ഇന്ധനചെലവും കുറയ്ക്കാൻ നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം

**4671.** **ശ്രീ എം എസ് അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, പുതിയകാവ്, താമരക്കുളം, നൂറനാട്, പടനിലം എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കണ്ണൂർ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ

**4672.** **ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2021-22 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പരുമല ഫിഷ് ലാൻഡിംഗ് സെന്റർ

**4673.** **ശ്രീ മാത്യു ടി. തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തിരുവല്ല നിയോജക മണ്ഡലത്തിലെ പരുമലയിൽ മത്സ്യതൊഴിലാളികൾക്ക് മത്സ്യം ലേലം വിളിക്കുന്നതിനും മത്സ്യബന്ധന സാമഗ്രികൾ സൂക്ഷിക്കുന്നതിനും വേണ്ടി നിർമ്മിച്ച ഫിഷ് ലാൻഡിംഗ് സെന്റർ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ

**4674.** **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ തെക്കും ഭാഗം കടൽത്തീരത്ത് മിനി ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 1980-ൽ ആരംഭിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ (സി.ഡബ്ല്യൂ.പി.ആർ.എസ്. ) അന്തിമ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും പരിസ്ഥിതി ആഘാത പഠനം ആരംഭിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ

പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>പാലക്കാട് ജില്ലയിലെ മത്സ്യ മാർക്കറ്റുകൾ ആധുനികീകരിയ്ക്കാൻ നടപടി</u>

**4675.** **ശ്രീ . മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടാമ്പി നിയോജക മണ്ഡലത്തിലെ മത്സ്യ മാർക്കറ്റ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) 2022- 2023ലെ ബഡ്ജറ്റിൽ ഇത്തരത്തിലെ ചെലവുകൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

## <u>ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി.യുമായുള്ള ധാരണാപത്രം</u>

**4676.** **ശ്രീമതി.ഉമ തോമസ്**

**ശ്രീമതി കെ.കെ.രമ**

**ശ്രീ. ടി. ജെ. വിനോദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ നാല് മദർ ഷിപ്പുകളും 400 ട്രോളറുകളും നിർമ്മിക്കുന്നതിന് പ്രസ്തുത കമ്പനിയുടെ പ്രതിനിധികളുമായി ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ അമേരിക്കയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണോ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. അസൻഡിൽ പദ്ധതി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഫയലിന്റെ വിശദാംശം അറിയിക്കുമോയുള്ള ധാരണാപത്രം?

## <u>കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണം</u>

**4677.** **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ ; ഇതിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(ബി) കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണത്തിന് പ്രഖ്യാപിച്ച പദ്ധതികളുടെ പ്രവർത്തനം

ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

## <u>പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്കായി മത്സ്യകൃഷിയിൽ പരിശീലനം</u>

**4678.** **ശ്രീ. പി.വി.അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി ഫിഷറീസ് വകുപ്പ് മുഖാന്തിരം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ 2016 മുതൽ ഫിഷറീസ് വകുപ്പ് പട്ടികവർഗ്ഗ, ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി സ്വന്തം നിലയ്ക്കോ മറ്റ് വകുപ്പുകളുമായി സഹകരിച്ചോ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സ്ഥലവും പദ്ധതികളുടെ പ്രയോജനവും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഗുണഭോക്തൃവിഹിതമോ സഹായധനമോ അനുവദിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നുണ്ടോ; ഈ വിഭാഗങ്ങൾക്കായി മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയിൽ പരിശീലനം നൽകുമോ; വ്യക്തമാക്കാമോ?

## <u>ബ്ലൂ ഇക്കോണമി</u>

**4679.** **ശ്രീ സി ആർ മഹേഷ്**

**ശ്രീ എം വിൻസെൻറ്**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ പി സി വിഷ്ണുനാഥ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെത്തുടർന്ന് സംസ്ഥാന സർക്കാർ ഏതൊക്കെ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടുണ്ട്, എന്തൊക്കെ നിർദ്ദേശങ്ങളാണ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തീരദേശവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിൽ മാത്രമേ ബ്ലൂ ഇക്കോണമി നടപ്പാക്കുകയുള്ളൂ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## <u>മത്സ്യത്തൊഴിലാളികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

**4680.** **ശ്രീ ജി എസ് ജയലാൽ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ വി ശശി**

**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന പ്രത്യേകമായി നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;;

(സി) വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമമവുമായ മത്സ്യസംഭരണവും ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മുക്തമാക്കുന്നതിനും സാധിക്കുമോ; വിശദമാക്കാമോ?

## <u>മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ</u>

**4681.** **ശ്രീ സി ആർ മഹേഷ്**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ നിലവിൽ വന്നശേഷം മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന്റെ പൂർണ്ണ വില്പനാവകാശം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ നടപടി</u>

**4682.** **ഡോ. എം.കെ . മുനീർ**

**ശ്രീ .പി. കെ. ബഷീർ**

**ശ്രീ എൻ എ നെല്ലിക്കുന്ന്**

**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞത് മത്സ്യബന്ധന മേഖലയെ ദോഷകരമായി ബാധിച്ചതായി കരുതുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെറുമത്സ്യങ്ങളെ ഉൾപ്പെടെ പിടിക്കുന്നത് ആയതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ഡീസൽ വില വർദ്ധനവിനെതിരെയുള്ള ബോട്ടുടമകളുടെ പരാതി

**4683.** **ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ . പി . ഉബൈദുള്ള**

**ശ്രീ. യു.എ.ലത്തീഫ്**

**ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഡീസൽ വിലവർദ്ധനവ് മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചുവെന്ന ബോട്ടുടമകളുടെ പരാതി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മത്സ്യബന്ധനത്തിനായുള്ള ഇന്ധന വിഹിതം

**4684.** **ശ്രീ സി ആർ മഹേഷ്**

**ശ്രീ എം വിൻസെൻറ്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അനുകൂല നടപടിയുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇരുപത്തി അഞ്ച് രൂപയ്ക്ക് മത്സ്യ തൊഴിലാളികൾക്ക് മണ്ണെണ്ണ നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കൽ

**4685.** **ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഉൾനാടൻ ജലാശയങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

വിശദമാക്കുമോ?

## ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

**4686.** **ശ്രീ സി എച്ച് കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യബന്ധന വകുപ്പ് മുഖേന ലഭ്യമാക്കുന്ന സഹായങ്ങൾ വ്യക്തമാക്കുമോ;

(ബി) അതിലൂടെ എത്ര ടൺ മത്സ്യം സംസ്ഥാനത്ത് അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ഉല്പാദിപ്പിച്ച മത്സ്യം വിറ്റഴിക്കുവാൻ കർഷകർക്ക് സാധിക്കാത്തതിനാൽ പലരും പ്രസ്തുത കൃഷിയിൽനിന്നും പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉല്പാദിപ്പിച്ച മത്സ്യത്തിന് മാർക്കറ്റ് കണ്ടെത്തുന്നതിനായി മത്സ്യകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ജലാശയങ്ങളിലെ മത്സ്യ കൃഷി

**4687.** **ശ്രീ. കെ.വി.സുമേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ജലാശയങ്ങളിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

**4688.** **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീ. കെ.വി.സുമേഷ്**

**ശ്രീമതി ഒ എസ് അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയും സ്വയം തൊഴിലും ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് തയ്യാറാക്കിയ ബൃഹദ് പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മത്സ്യകൃഷിയിൽ നൂതനരീതികൾ വ്യാപകമാക്കുന്നതിനും എയറേഷൻ, ജൈവ സുരക്ഷ, പ്രോബയോട്ടിക്സ് എന്നിവ പ്രയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുമായി പരിശീലനം നൽകിവരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹാച്ചറികൾ തുടങ്ങുന്നതിനും നിലവിലുണ്ടായിരുന്നവ നവീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ

എന്തെല്ലാമാണ്; വിത്തുല്പാദനത്തിലും മത്സ്യത്തീറ്റ നിർമ്മാണത്തിലും സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

**4689.** **ശ്രീ സി കെ ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളേയും അവയുടെ പുരോഗതിയേയും സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കേന്ദ്രം അഡാക്ക് എന്ന ഏജൻസിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാര്യകാരണസഹിതമുള്ള വിശദാംശം അറിയിക്കാമോ;

(സി) നെയ്യാർഡാം മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യം ഉല്പാദിപ്പിക്കുന്നത് ആലോചനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കേന്ദ്രത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

## തവനൂർ മണ്ഡലത്തിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ

**4690.** **ഡോ.കെ.ടി.ജലീൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറെക്കരയിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

## അഞ്ചുതെങ്ങ്-കഠിനംകുളം മത്സ്യവിപണന കേന്ദ്രം

**4691.** **ശ്രീ വി ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ്, കഠിനംകുളം എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മത്സ്യവിപണന കേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ തുകയുടെ 20% 2021-22 ലെ ബജറ്റിൽ വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടിയും അതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

**4692.** **ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2016-ന് ശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ്

വകുപ്പും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**4693.** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ ആവിഷ്കരിച്ചുവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിനായുള്ള കെട്ടിടനിർമ്മാണം

**4694.** **ശ്രീ സി എച്ച് കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര കുടുംബാരോഗ്യ കേന്ദ്രത്തിന് തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിൽ സിവിൽ വർക്ക് കൂടാതെ ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയിൽ നീക്കിയിരിപ്പുണ്ടോ;

(ഇ) എങ്കിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി ഗവ. എൽ.പി. സ്കൂളിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി

**4695.** **ശ്രീ എ കെ എം അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കൊയ്പ്പാടി ഗവ. എൽ.പി. സ്കൂളിന് സമീപം ഫിഷറീസ് വകുപ്പിന് ഭൂമിയുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഭൂമിയുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, ഭൂമിയുടെ തരം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഫിഷറീസ് വകുപ്പിന് ഏത് വർഷമാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമി ഫിഷറീസ് വകുപ്പ് നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ മക്കൾ മാത്രം പഠിക്കുന്ന കൊയ്പ്പാടി ഗവ. എൽ.പി. സ്കൂളിന് കളിസ്ഥലം, കുട്ടികളുടെ പാർക്ക് എന്നിവ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഒരു ഭാഗം

അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>ഉപയോഗശൂന്യമായ വള്ളങ്ങൾ നീക്കം ചെയ്യുന്നതിനായി നടപടി</u>**

4696. **ഡോ.കെ.ടി.ജലീൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഉപയോഗശൂന്യമായ വള്ളങ്ങൾ തിരൂർ - പൊന്നാനി പുഴയുടെ പല ഭാഗങ്ങളിലായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം മത്സ്യബന്ധനത്തൊഴിലാളികളുടെ വലകളും വള്ളങ്ങളും കേടുവരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉപേക്ഷിക്കപ്പെട്ട വള്ളങ്ങൾ നീക്കം ചെയ്യുന്നതിനും വള്ളങ്ങളുടെ ഉടമസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**<u>കൊല്ലം മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ പദ്ധതികൾ</u>**

4697. **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം മണ്ഡല പരിധിയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി / പദ്ധതി ഇതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

4698. **ശ്രീ. എം.വിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഇപ്പോൾ നടന്നുവരുന്ന തീരദേശ റോഡുകളുടെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച തീരദേശ റോഡുകൾ ഏതൊക്കെയാണ്; പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം</u>**

4699. **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; റോഡിന്റെ പേര്, അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

## മലപ്പുറത്ത് മിനി ഹാർബറുകൾ

**4700.** **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് പുതുതായി മിനി ഹാർബറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ എവിടെയൊക്കെയാണ് മിനി ഹാർബറുകൾ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തിരൂർ മണ്ഡലത്തിലെ പറവണ്ണയിൽ മിനി ഹാർബർ അനുവദിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യം സർക്കാർ പരിഗണിക്കുമോ?

## തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

**4701.** **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊല്ലം മണ്ഡല പരിധിയിൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2020-21 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

## ആധുനികരീതിയിലുള്ള മത്സ്യമാർക്കറ്റ് പണിയുന്നതിനായുള്ള നടപടികൾ

**4702.** **ശ്രീ. ടി.ഐ.മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഒന്നാംഗ്രേഡ് നഗരസഭയായ പയ്യന്നൂർ നഗരസഭയ്ക്ക് ആധുനികരീതിയിലുള്ള മത്സ്യമാർക്കറ്റ് നിലവിലില്ലാത്തതിനാൽ മത്സ്യമാർക്കറ്റ് പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് ആധുനിക മത്സ്യമാർക്കറ്റ് പണിയാൻ ആവശ്യമായ ഫണ്ട് തീരദേശ വികസന കോർപ്പറേഷൻ വഴി അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യ വികസനം

**4703.** **ശ്രീ എ കെ എം അഷ്‌റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## കലാകാരന്മാർക്കുള്ള കോവിഡ്-19 ധനസഹായ പദ്ധതി

4704. **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കലാകാരന്മാർക്കുള്ള കോവിഡ് -19 സമാശ്വാസ ധനസഹായ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കലാകാരന്മാർക്ക് ആകെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സാംസ്കാരിക വകുപ്പും സാംസ്കാരിക അക്കാദമിയും മുഖേനയുള്ള ധനസഹായത്തിന് അപേക്ഷിക്കുവാൻ സാധിക്കാതിരുന്ന കലാകാരന്മാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കലാകാരന്മാർക്കുള്ള സമാശ്വാസ ധനസഹായ പദ്ധതി തുടർന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>കോഴിക്കോട് ജില്ലയിലെ സാംസ്കാരിക മന്ദിര നിർമ്മാണം</u>**

4705. **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഉമ്പായി അക്കാദമി, ഷാർജ കൾച്ചറൽ പ്രോജക്ട് എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>കൊല്ലത്ത് ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയ നിർമ്മാണം</u>**

4706. **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കൊല്ലം ജില്ലയിലെ, ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>തിരുവമ്പാടിയിൽ കുടിയേറ്റ സ്മാരക നിർമ്മാണം</u>**

4707. **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കുടിയേറ്റ ജനതയുടെ സംഗമസ്ഥാനമായ തിരുവമ്പാടിയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ, അനുയോജ്യമായ കുടിയേറ്റ സ്മാരകം നിർമ്മിക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ നടപടികൾ സ്വികരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ

**4708.** **ശ്രീ പി എസ് സുപാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ, അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ് പൂർത്തിയായ പുരാണ പാരായണ കലാകാരന്മാർക്കും മറ്റും നാളിതുവരെ പെൻഷൻ ലഭിച്ച് തുടങ്ങിയിട്ടില്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ 60 വയസ്സ് പൂർത്തിയായിട്ടുള്ളതും ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ ശേഷിക്കുന്നതുമായ പുരാണ പാരായണ കലാകാരന്മാരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ, 2021 മാർച്ച് മാസം വരെയുള്ള അംശദായം പൂർണമായും അടച്ചുതീർത്ത, 60 വയസ്സ് പൂർത്തിയായ, പുനലൂർ മണ്ഡലത്തിലെ പുരാണ പാരായണ കലാകാരനായ പനയഞ്ചേരി പുതിയ പാലവിള വീട്ടിൽ തുളസീധരൻ പിള്ള. എം.ന് പെൻഷൻ നല്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത വ്യക്തിക്ക് പെൻഷൻ എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

**4709.** **ഡോ. എൻ. ജയരാജ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കിഫ്ബി മുഖേന നടപ്പാക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉത്തരവായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗത്വം

**4710.** **ശ്രീ. കെ.പി.മോഹനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കലാകാരന്മാരുടെ ക്ഷേമനിധി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പുതിയ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കലാകാരന്മാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; അവ മുഴുവൻ കലാകാരന്മാർക്കും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി

**4711.** **ശ്രീ. ടി. പി .രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി വഴി എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പെൻഷനുവേണ്ടി ഏതെല്ലാം വിഭാഗത്തിലുള്ള കലാകാരൻമാരെയാണ് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കലാകാരൻമാരുടെ പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## തെയ്യം കലാകാരൻമാർക്ക് സാമ്പത്തിക സഹായം

**4712.** **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) കോവിഡ് മൂലം തെയ്യം കലാകാരൻമാർക്ക് തൊഴിൽ ചെയ്യാൻ സാധിക്കാത്തതിനാൽ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കലാകാരൻമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

## സാംസ്കാരിക സ്ഥാപനങ്ങളുടെ വികസനം

**4713.** **ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെ എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് വാർഷിക ഗ്രാന്റായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മോയിൻ കുട്ടി വൈദ്യർ മാപ്പിള അക്കാദമിക്ക് പുതുക്കിയ ഗ്രാന്റ്

**4714.** **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ - രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമിയിൽ ഈ വർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര രൂപ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റ് തുക അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ധനകാര്യ വകുപ്പ് മന്ത്രി ബജറ്റ് ചർച്ചയുടെ മറുപടിയിൽ പ്രഖ്യാപിച്ച വർദ്ധനവ് ഈ വർഷം തന്നെ അനുവദിച്ച് കിട്ടുവാൻ നടപടി സ്വീകരിക്കുമോ?

## യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ്

**4715.** **ശ്രീ. കെ.വി.സുമേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത് , വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് സൗജന്യ ലീഗൽ ഗൈഡൻസ് നൽകുന്ന സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## അഗ്രിഫെസ്റ്റിന്റെ ചെലവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

**4716.** **ശ്രീ ഒ . ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത് , വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി പറയാമോ?

( എ) 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് പരിപാടിയുമായി ബന്ധപ്പെട്ട് യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം നിലവിൽ ഉണ്ടോ;

(ബി) യുവജനകാര്യ വകുപ്പ് ചെലവാക്കിയ തുകയുടെ കൃത്യമായ കണക്ക് വകുപ്പിന്റെ കൈയിൽ ഉണ്ടോ;

(സി) എങ്കിൽ അത് എത്ര രൂപയാണെന്നും ഈ തുക എന്തിനൊക്കെ ചെലവാക്കിയതാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

അംഗീകരിച്ച തീയതി: 2022 ജൂലൈ 7 , വ്യാഴം,

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, കവിത ഉണ്ണിത്താൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക് : നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)]